# മഹാത്മാഗാന്ധി സർവ്വകലാശാല

## 2025 മാർച്ച് 26, ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.00–ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (25.03) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുമേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 5. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 6. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | ശ്രീ. അമൽ എബ്രഹാം | സിൻഡിക്കേറ്റംഗം |
| 9. | അഡ്വ. പി. ബി. സതീഷ് കുമാർ | സിൻഡിക്കേറ്റംഗം |
| 10. | ശ്രീ. രതീഷ് പി ബി | സിൻഡിക്കേറ്റംഗം |
| 11. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 12. | ഡോ. ബിബിൻ കുര്യാക്കോസ് | സിൻഡിക്കേറ്റംഗം |
| 13. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 14. | അഡ്വ. റെജി സഖറിയ | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. അജിമോൻ ജോർജ്ജ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

**അനുശോചന പ്രമേയം**

മുൻ എം.എൽ.എയും സിപിഐ നേതാവുമായ പി.രാജു, സിപിഎം കോട്ടയം ജില്ലാ സെക്രട്ടറി എ. വി. റസ്സൽ, പ്രമുഖ വൃക്കരോഗ ചികിത്സകൻ ഡോ ജോർജ് പി. ഏബ്രഹാം, ഗാനരചയിതാവും തിരക്കഥാ-സംഭാഷണ രചയിതാവുമായ മങ്കൊമ്പ് ഗോപാലകൃഷ്ണൻ, ദളിത് ചിന്തകനും എഴുത്തുകാരനുമായ കെ. കെ കൊച്ച് എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**അനുമോദന പ്രമേയം**

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ A++ ഗ്രേഡ് നേടി ഒരു വർഷം പിന്നിടുന്ന വേളയിൽ യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ കാറ്റഗറി 1 ഗ്രേഡും നമ്മുടെ സർവകലാശാലയ്ക്ക് ലഭിച്ചിരിക്കുകയാണ്. യുജിസി-യുടെ മുൻകൂർ അനുമതിയില്ലാതെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഉൾപ്പെടെ സ്വയംഭരണാവകാശം കൈവരിക്കുന്ന സംസ്ഥാനത്തെ ആദ്യ സർവകലാശാലയെന്ന ഖ്യാതികൂടിയാണ് ഇതുവഴി നമുക്ക് സ്വന്തമായിരിക്കുന്നത്.

NAAC-ന്റെ റീ അക്രഡിറ്റേഷനിൽ നേടിയ A++ ഗ്രേഡും 3.61 ഗ്രേഡ് പോയിൻറ് ശരാശരിയും ടൈംസ് ഹയർ എജ്യുക്കേഷൻറെ ആഗോള റാങ്കിൽ തുടർച്ചയായി നിലനിർത്തുന്ന മികവുമെല്ലാം ഈ നേട്ടത്തിന് സഹായകമായി. സർവകലാശാലയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ഈ അംഗീകാര നേട്ടത്തിൻറെ ആഹ്ലാദത്തിൽ സിൻഡിക്കേറ്റ് യോഗവും പങ്കുചേരുന്നു.

NAAC ഗ്രേഡിംഗിലെന്നപോലെ ഈ അംഗീകാരത്തിലേക്കും നമ്മെ നയിച്ച സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, നടപടികൾ ഏകോപിപ്പിച്ച ഐക്യുഎസി ഡയറക്ടർ, ഐ.ക്യു.എ.സി. അംഗങ്ങൾ, മറ്റെല്ലാവരെയും ഈ യോഗം അഭിനന്ദിക്കുന്നു.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ) ഫസ്റ്റ് ഇൻ ദ വേൾഡ് ചലഞ്ച് ഗ്രാന്റിന് മഹാത്മാഗാന്ധി സർവകലാശാലയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ചിലെ ശാസ്ത്രജ്ഞൻ ഡോ. ഗൗതം ചന്ദ്ര അർഹനായി. 4ഡി ബയോ പ്രിൻറിംഗിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തി നാഡീ കോശങ്ങൾ പുനർസൃഷ്ടിക്കുന്ന സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനാണ് ഏഴ് കോടി രൂപയുടെ ഗ്രാൻറ്. ഇദ്ദേഹത്തിന് അഭിനന്ദനമർപ്പിക്കുകയും തലച്ചോറിനും നാഡീവ്യൂഹത്തിനുമുണ്ടാകുന്ന പരിക്കുകളുടെ ചികിത്സയിൽ ഏറെ നിർണായകമാകുന്ന ഈ പഠനത്തിന് വിജയാശംസകൾ നേരുകയും ചെയ്യുന്നു.

ധ്രുവ മേഖലയിലെ ഇന്ത്യയുടെ രണ്ടാം ശീതകാല പര്യവേഷണസംഘത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ ഗവേഷണ വിദ്യാർഥി എം. വിഷ്ണു ശ്രീജിത്ത്, വിദ്യാർത്ഥിയുടെ ഗൈഡായ സർവ്വകലാശാല വൈസ് ചാൻസലർ കൂടിയായ ഡോ. സി. ടി. അരവിന്ദ കുമാർ, ഇറ്റാലിയൻ വിദേശകാര്യ മന്ത്രാലയത്തിന്റെ ഗവേഷണ ഗ്രാന്റിന് (എംഎഇസിഐ) അർഹയായ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിലെ ഗവേഷണ വിദ്യാർഥിനി വി. കെ. സരിത, സംസ്ഥാന സ്റ്റാർട്ടപ്പ് മിഷനും സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയോമും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ച കോൺക്ലേവിന്റെ ഭാഗമായ ഐഡിയത്തോണിൽ മഹാത്മാ ഗാന്ധി സർവകലാശാലയെ പ്രതിനിധീകരിച്ച് പുരസ്കാരം നേടിയ സ്കൂൾ ഓഫ് ബയോസയൻസസിലെ ഗവേഷണ വിദ്യാർഥികളായ എസ്. ഗായത്രി, ജീന സൂസൻ ജോസഫ്, യുഎഇ വിദേശകാര്യ മന്ത്രാലയത്തിൻറെ ഗവേഷണ ഗ്രാൻറ് നേടിയ സർവകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർഥിനി സി. ജയലക്ഷ്മി എന്നിവർക്ക് സർവകലാശാലാ സിൻഡിക്കേറ്റിൻറെ അഭിനന്ദനങ്ങൾ.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജിയിലെ വിദ്യാർഥികൾക്ക് വിവിധ മേഖലകളിൽ ഗുണകരമാകുന്ന രീതിയിൽ കോയമ്പത്തൂരിലെ തമിഴ്നാട് അഗ്രിക്കൾച്ചറൽ സർവകലാശാല (ടി.എൻ.എ.യു), ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ് റിസർച്ച് (ഐഐഎംആർ) എന്നിവയുമായി സർവകലാശാല ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച വൈസ് ചാൻസലറെയും രജിസ്ട്രാറെയും വകുപ്പ് മേധാവി ഡോ.എം.എസ് ജിഷയെയും ഈ യോഗം അഭിനന്ദിക്കുന്നു.

ദക്ഷിണ മേഖലാ അന്തർ സർവകലാശാലാ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിലെ പുരുഷ, വനിതാ വിഭാഗങ്ങളിൽ രണ്ടാം സ്ഥാനം നേടിയ സർവകലാശാലാ ടീമിനും അഖിലേന്ത്യ അന്തർ സർവകലാശാല ബെസ്റ്റ് ഫിസിക് ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ എം.കെ. ഇർഫാനും അഖിലേന്ത്യാ അന്തർ സർവകലാശാല സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ 500 മീറ്റർ ടൈം ട്രയൽ റേസിൽ വെള്ളി മെഡൽ നേടിയ വി. എസ്. സഞ്ജനയ്ക്കും കായിക മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻറ് സ്പോർട്സ് സയൻസസ് മേധാവി ഡോ. ബിനു ജോർജ് വർഗീസിനും അഭിനന്ദനങ്ങൾ.

നോയിഡയിലെ അമിറ്റി സർവകലാശാലയിൽ നടന്ന അഖിലേന്ത്യ അന്തർ സർവകലശാലാ കലോത്സവത്തിൽ മഹാത്മാഗാന്ധി സർവകലാശാല മൂന്നാം സ്ഥാനം നേടുകയുണ്ടായി. ടീമംഗങ്ങൾക്കും ഏകോപനം നിർവഹിച്ച ഡി.എസ്.എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവലിനും അധ്യാപകർക്കും ജീവനക്കാർക്കും സിൻഡിക്കേറ്റിൻറെ അനുമോദനങ്ങൾ.

മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാഗാന്ധി സർവകലാശാല പുതിയതായി ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡ് നേടിയ തിരുവല്ല മാർത്തോമ കോളജിനെയും ഈ യോഗം അഭിനന്ദിക്കുന്നു.

നമ്മുടെ സർവകലാശാലയിലെ അഡ്വാൻസ്ഡ് സെൻറർ ഫോർ എൻവയോൺമെൻറൽ സ്റ്റഡീസ് ആൻറ് സസ്റ്റെയ്നബിൾ ഡവലപ്മെൻറിൽ (എ.സി.ഇ.എസ്.എസ്.ഡി) നടന്നുവരുന്ന പഠനങ്ങളുടെ ഭാഗമായിപുതിയൊരു മണ്ണിര വർഗത്തെക്കൂടി കണ്ടെത്തുകയുണ്ടായി. അയ്യേറിയെല്ല എന്ന പുതിയ മണ്ണിര വർഗത്തെക്കുറിച്ചുള്ള പ്രബന്ധം ന്യൂസിലാൻഡിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സൂടാക്സ രാജ്യാന്തര ജേണലിൽ പ്രസിദ്ധീകരിച്ചു.

എ.സി.ഇ.എസ്.എസ്.ഡിയിലെ ഗവേഷകൻ ഡോ. എസ്. പ്രശാന്ത് നാരായണൻ, ഡയറക്ടർ ഡോ. എ.പി. തോമസ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ മുൻ ജോയിന്റ് ഡയറക്ടറും ഹിമാചൽ പ്രദേശിലെ ശൂലീനി സർവകലാശാലയിലെ അധ്യാപകനുമായ ഡോ. ജെ.എം. ജൂൽക്ക എന്നിവരടങ്ങിയ പഠന സംഘമാണ് ഈ നേട്ടം കൈവരിച്ചത്. ഇവർക്ക് സർവകലാശാലാ സിൻഡിക്കേറ്റിന്റെ അഭിനന്ദനങ്ങൾ.

## (I) നിയമ പ്രാധാന്യമുള്ള പരിഗണന ഇനം

**ഇനംനമ്പർ 01/25.03/250004**

**25.02.2025–ന്ന കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടി ക്രമങ്ങൾ – സിൻഡിക്കേറ്റ മുൻപാകെ വെയ്ക്കുന്നത് – സംബന്ധിച്ച്**

25.02.2025–ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്രമങ്ങൾ 1985–ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് അദ്ധ്യായം V, സെക്ഷൻ 40(1) പ്രകാരവും 1997–ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് – 39–ാം അദ്ധ്യായം – സ്റ്റാറ്റ്യൂട്ട് 3 പ്രകാരവും സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിച്ചു. **(അനുബന്ധം–1)**

## (II) (a) 1985–ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 02/25.03/94286/AD B4–1/2021 (PART II)**

**സർവ്വകലാശാലയിലെ നെറ്റ്‌വർക്ക് സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന UTM Firewall – (Sophos XG 550) –ന്റെ ലൈസൻസും വാലിഡിറ്റിയും അവസാനിച്ച സാഹചര്യത്തിൽ, പുതിയ Firewall ലൈസൻസ് ഇ–ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിന് സിൻഡിക്കേറ്റ് ഉത്തരവ് പ്രകാരം ക്ഷണിച്ച ഇ – ടെൻഡർ റദ്ദ് ചെയ്യുന്നതിനും പുതിയ സോഫ്റ്റ്‌വെയർ NGFW Firewall – ഇ ടെൻഡർ നടപടികളിലൂടെ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസിലർ കൈക്കൊണ്ട തീരുമാനം – സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത്– സംബന്ധിച്ച്.**

സർവ്വകലാശാലയിലെ Network സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന സോഫ്റ്റ്‌വെയർ UTM Firewall (Sophos XG 550) ലൈസൻസ് ഇ–ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിന് സിൻഡിക്കേറ്റ് ഉത്തരവായിരുന്നു. ആയതിൻ പ്രകാരം സർവ്വകലാശാല ഉത്തരവ് നം. 746/AD B4/2025/MGU തിയതി 23.01.2025–പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം, UTM Firewall (Sophos XG 550) ലൈസൻസ് വാങ്ങുന്നതിനുള്ള ഇ –ടെൻഡർ നടപടികൾ ആരംഭിക്കുകയുണ്ടായി. എന്നാൽ, ഇ–ടെൻഡറിലെ Tender Notice, Letter, Objectives of the Tender എന്നിവയിൽ ചേർത്തിരിക്കുന്ന സോഫ്റ്റ്‌വെയർ UTM Firewall – (Sophos XG 550) ഇപ്പോൾ നിലവിലില്ലാത്തതിനാൽ അവ മാറ്റി NGFW Firewall എന്ന Model name ആക്കണമെന്ന് സാങ്കേതിക വിഭാഗം അറിയിച്ചതിൻ പ്രകാരം UTM Firewall ലൈസൻസ് ഇ–ടെൻഡർ ക്ഷണിച്ചു വാങ്ങുന്നതിന് സിൻഡിക്കേറ്റ് ഉത്തരവ് പ്രകാരം ക്ഷണിച്ച ഇ – ടെൻഡർ റദ്ദ് ചെയ്യുന്നതിനും പുതിയ സോഫ്റ്റ്‌വെയർ NGFW Firewall ഇ–ടെൻഡർ നടപടികളിലൂടെ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 15.02.2025 തീയതിയിലെ 1454/ADB4/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 03/25.03/16252/AC A5–2/2025**

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്.സി ബയോകെമിസ്ട്രി ബിരുദം, എം.എസ്.സി സുവോളജി ബിരുദം യോഗ്യത ആയുള്ള ജോലിക്കു യോഗ്യമാണെന്ന സർട്ടിഫിക്കറ്റ് നൽകുന്നതു – അംഗീകരിച്ചു ഉത്തരവായത് – സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ചു:–**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്‌സി ബയോകെമിസ്ട്രി ബിരുദം, എം.എസ്‌സി സുവോളജി അടിസ്ഥാന യോഗ്യത ആവശ്യമുള്ള ജോലിക്കു യോഗ്യമാണെന്ന സർട്ടിഫിക്കറ്റ് നൽകുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 01.03.2025 തീയതിയിലെ 1905/ACA5/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985

അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു. മേൽ പരാമർശിച്ച തീരുമാനം അംഗീകരിക്കുന്നതിനും, ഭാവിയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എം.എസ്‌സി ബയോകെമിസ്ട്രി ബിരുദം, എം.എസ്‌സി സുവോളജി അടിസ്ഥാന യോഗ്യത ആവശ്യമുള്ള ജോലിക്കു യോഗ്യമാണെന്ന സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്നും തീരുമാനിച്ചു.

**ഇനംനമ്പർ 04/25.03/32971/AD A3-4/2024**

**സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10(17) പ്രകാരം വൈസ് ചാൻസലർ സർക്കാർ ഉത്തരവ് ( സ.ഉ.(അച്ചടി) നം.15/2025/ധന, തീയതി 12.02.2025) പുറത്തെഴുത്ത് നടത്തി നടപ്പിലാക്കിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സംസ്ഥാന സർവീസ് പെൻഷൻകാർ ഉൾപ്പെടെയുള്ള പെൻഷൻകാരുടെ പതിനൊന്നാം പെൻഷൻ പരിഷ്കരണം പ്രകാരമുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(അച്ചടി) നം.15/2025/ധന, തീയതി 12.02.2025, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയ നടപടിയും തദനുസരണം പുറപ്പെടുവിച്ച 15.02.2025 തീയതിയിലെ പുറത്തെഴുത്തും (നം.32971/AD A3-4/2024/AD A 3) സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 05/25.03/20296/AC A16-3/2025**

**Bachelor of Science (Honours) Computer Science പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ വിവിധ കോഴ്സുകളുടെയും Computer Application(Minor)-ന്റെ രണ്ടാം സെമസ്റ്ററിൽ ഉൾപ്പെടുന്ന കോഴ്സിന്റേയും End Semester Evaluation (ESE) -ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശ - സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച നടപടിയും തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാലാ ഉത്തരവുകളും സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

MGU-UGP (Honours) Regulations, 2024-ന് കീഴിൽ വരുന്ന എല്ലാ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെയും സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ച് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.
14.12.2024 തീയതിയിൽ കൂടിയ Computer Application (യു.ജി), വിദഗ്ദ്ധ സമിതി യോഗം, Bachelor of Science (Honours) Computer Science പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ MG2DSCCSC100: Python Programming, MG2MDCCSC101: Mastering Spreadsheets, എന്നീ കോഴ്സുകളുടെയും Computer Application(Minor) സിലബസിൽ ഉൾപ്പെടുന്ന MG2DSCCMA101: Responsive Web Designing, എന്ന കോഴ്സിന്റെയും End Semester Evaluation(ESE) -ന്റെ ചോദ്യ പേപ്പർ പാറ്റേൺ പരിഷ്ക്കരിക്കുന്നതിനുള്ള ശിപാർശകൾ നൽകിയിരുന്നു.
പ്രസ്തുത ശിപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച നം. 2096 /ACA 16/2025/MGU തീയതി 06.03.2025, 2097 /ACA 16/2025/MGU തീയതി 06.03.2025 എന്നീ സർവ്വകലാശാല ഉത്തരവുകളും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം V, സെക്ഷൻ 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 06/25.03/15468/AC A3-3/2025**

**നിലവിൽ മാനുവലായി ഗ്രേസ് മാർക്ക് വിതരണം ചെയ്തു വരുന്ന പ്രോഗ്രാമുകൾക്ക് (PG, B.Ed, LLB, MBA, MCA തുടങ്ങിയവ), വിവിധ സർവ്വകലാശാല ഉത്തരവുകൾ പ്രകാരം ഗ്രേസ് മാർക്ക് വിതരണം ചെയ്യുമ്പോൾ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വൈസ്ചാൻസലറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനം മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

നിലവിൽ മാനുവൽ ആയി ഗ്രേസ് മാർക്ക് വിതരണം ചെയ്തുവരുന്ന പ്രോഗ്രാമുകൾക്ക് (PG, B.Ed, LLB, MBA, MCA തുടങ്ങിയവ), ഗ്രേസ് മാർക്കുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ ഉത്തരവുകളിലെ അവ്യക്തതകൾ മൂലം ഏകീകൃത രീതിയിൽ ഗ്രേസ് മാർക്ക് വിതരണം സാധ്യമാകുന്നില്ല എന്നത് കണക്കിലെടുത്ത്, 22.11.2024 തീയതിയിൽ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 28.02.2025 തീയതിയിലെ 1873/AC A3/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 07/25.03/22540/CT & D/2025** — **സർവ്വകലാശാല കോൺഫിഡൻഷ്യൽ പ്രിന്റർക്ക് ചോദ്യപേപ്പർ അച്ചടിച്ചിലവുമായി ബന്ധപ്പെട്ട് പ്രിന്റിംഗ് ചാർജ് ഇനത്തിൽ രൂപ 18,47,575/- ( പതിനെട്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം ) അനുവദിച്ച നൽകുന്നത് - സംബന്ധിച്ച്.**

പരാമർശം 1. കുറിപ്പ് CT&D/56/Confi.Print/2024 Dated. 01.02.2025
2. സർവ്വകലാശാല ഉത്തരവ് No . CE/328/CT&D/56/2025 P.D Hills, Dated, 05.03.2025.

ജൂൺ 2024 മുതൽ ഒക്ടോബർ 2024 വരെയുള്ള കാലയളവിൽ ചോദ്യപേപ്പർ അച്ചടിച്ചതിന്റെയും അത് സർവ്വകലാശാലയിൽ എത്തിച്ചതിന്റെയും പ്രസ്തുത കാലയളവിൽ ഓൺലൈൻ ചോദ്യപേപ്പറുകൾ തയ്യാറാക്കിയതിന്റെയും പ്രിന്റിങ് ചാർജ് ഇനത്തിൽ കോൺഫിഡൻഷ്യൽ പ്രിന്റർക്കു രൂപ 18,47,575/- (രൂപ പതിനെട്ട് ലക്ഷത്തി നാല്പത്തിയേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് മാത്രം) അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 05.03.2025 തീയതിയിലെ CE/328/CT&D/56/2025 നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 08/25.03/20805/AD A4-1/2025** — **ഭരണകാര്യം - അഡ്വ. പി എൻ മിശ്രക്ക് ലീഗൽ ഫീസ് അനുവദിച്ച് - സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായത്, ആയതിൻ പ്രകാരം സ്വീകരിച്ച മേൽനടപടികൾ എന്നിവ - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

ബഹു. സുപ്രീം കോടതി മുൻപാകെയുള്ള Contempt Petition (C) No. 631 - 665 of 2022 in SLP(C) No.30160-30194 titled as Anil Kumar N & Ors. Vs Dr. Sabu Thomas & Ors എന്ന കേസിൽ സർവകലാശാലക്ക് വേണ്ടി 03.12.2024 തീയതിയിൽ സുപ്രീം കോടതിയിൽ ഹാജരായതിന് 5,50,000/- രൂപാ ആവശ്യപ്പെട്ട് അഡ്വ. പി എൻ മിശ്ര സമർപ്പിച്ചിരുന്ന ബില്ല്, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III, സെക്ഷൻ 10(17) പ്രകാരം അനുവദിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച, 06.03.2025 തീയതിയിലെ 2075/AD A4/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 09/25.03/146354/AD A4-3/2024** — **ഐ ടി സെൽ - താത്കാലിക - കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ്‌വെയർ തസ്തികയിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂ - ന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെൽ വിഭാഗത്തിലേക്ക് താത്കാലിക - കരാർ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ - തസ്തികയിലേക്ക് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 20.02.2025 തീയതി വൈകിട്ട് 3.00 മണിക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സീനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ നിയോഗത്തിനായി റാങ്ക് ക്രമത്തിൽ ശ്രീ. അശ്വിൻ എം എ , ശ്രീ. ആരോമൽ പി ഷാജി എന്നിവരെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തിരുന്നു. സെലക്ഷൻ കമ്മിറ്റിയുടെ ടി നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം

വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 10.03.2025 തീയതിയിലെ 2204/AD A4/2025/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 10/25.03/8470/P&D 2-1/2025** **കേരള സംസ്ഥാന കുടുംബശ്രീ മിഷനിലെ അംഗങ്ങൾക്ക് ഡ്രോൺ സാങ്കേതിക വിദ്യയിലും അനുബന്ധ മേഖലകളിലും പരിശീലനം, മാർഗ്ഗ നിർദേശം, പിന്തുണ എന്നിവ നൽകുന്നതിനായി കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കേരള സംസ്ഥാന കുടുംബശ്രീ മിഷനിലെ അംഗങ്ങൾക്ക് ഡ്രോൺ സാങ്കേതിക വിദ്യയിലും അനുബന്ധ മേഖലകളിലും പരിശീലനം, മാർഗ്ഗനിർദേശം, പിന്തുണ എന്നിവ നൽകുന്നതിനായി കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരവും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 07.03.2025 തീയതിയിലെ 2138/P&D 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 11/25.03/133632/EI 35-1/2024 (PART I)** **കൊച്ചി ബിസിനസ് കോളേജിലെ 2020 - 2022 അഡ്മിഷൻ MBA വിദ്യാർഥിനിയായിരുന്ന Jewel Mary Justin (PRN :203240012005) ൻറെ രണ്ടാം സെമസ്റ്റർ ജൂൺ 2023 ഇമ്പ്രൂവ്മെന്റ് പരീക്ഷ ക്രമപ്പെടുത്തികൊണ്ട് MBA പ്രോഗ്രാം പാസ്സായതായി പരീക്ഷാഫലം കൺസോളിഡേറ്റ് ചെയ്തു നൽകുന്നത് - മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം വിനിയോഗിച്ച വൈസ് ചാൻസലർ കൈകൊണ്ട നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്-**

2020-2022 അഡ്മിഷൻ കൊച്ചി ബിസിനസ് കോളേജിലെ എം .ബി എ വിദ്യാർത്ഥിനിയായിരുന്ന Jewel Mary Justin ഒന്ന്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 2021, മെയ് 2022, നവംബർ 2022 എന്നീ കാലയളവുകളിൽ യഥാക്രമം റഗുലർ ചാൻസിൽ തന്നെ വിജയിച്ചിരുന്നു. എന്നാൽ ഡിസംബർ 2021 ൽ നടന്ന രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷയിൽ 40% മാർക്ക് നേടി എല്ലാ കോഴ്സുകളും വിജയിച്ചിരുന്നുവെങ്കിലും സെമസ്റ്റർ വിജയിക്കാനാവശ്യമായ 50 % മാർക്ക്/ C + ഗ്രേഡ്/ഗ്രേഡ് പോയിന്റ് 5 നേടിയിരുന്നില്ല . പ്രസ്തുത പ്രോഗ്രാമിന്റെ കണ്സോളിഡേറ്റഡ് ഗ്രേഡ് കാർഡ് ലഭിക്കുന്നതിനായി Jewel Mary Justin സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, വിദ്യാർത്ഥിനിക്ക് ബാധകമായിട്ടുള്ള MBA 2017 റെഗുലേഷനിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട അക്കാദമിക വിഭാഗത്തിൽ നിന്നുള്ള ശുപാർശ പ്രകാരം, പരാജയപ്പെട്ട രണ്ടാം സെമസ്റ്റർ ഡിസംബർ 2021 റഗുലർ പരീക്ഷക്ക് ശേഷം രജിസ്ട്രേഷൻ നേടിയ രണ്ടാം സെമസ്റ്റർ ജൂൺ 2023 പരീക്ഷാഫലം ക്രമപ്പെടുത്തികൊണ്ട് എം ബി എ പ്രോഗ്രാം പാസ്സായതായി റിസൾട്ട് കണ്സോളിഡേറ്റ് ചെയ്ത് നൽകുന്ന വിഷയം മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം പുറപ്പെടുവിച്ച 28.02.2025 തീയതിയിലെ 1884/EI 35/2025/എം ജി യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 12/25.03/21215/AD A9-2/2025**

**2024-2025 ലെ അന്തർ കലാലയ/സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പ് ചെലവിലേയ്ക്കായി അഞ്ചാം ഗഡു തുക ₹ 30,00,000/- രൂപ താൽക്കാലിക മുൻകൂർ തുകയായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985 ചാപ്റ്റർ III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ചത് - സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് വകുപ്പിലെ 2024-25 ലെ അന്തർ കലാലയ/അന്തർ സർവ്വകലാശാലാ കായിക മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനായി അഞ്ചാം ഗഡു തുക ₹30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ്-ന്റെ പേരിൽ, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം III സെക്ഷൻ 10(17) പ്രകാരം താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.03.2025 തീയതിയിലെ 2203/AD A9/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 13/25.03/143888/P&D 2-1/2024**

**കോട്ടയം കഞ്ഞിക്കുഴി ആസ്ഥാനമായുള്ള Kerala State Council for Science, Technology and Environment (KSCSTE) - Institute for Climate Change Studies (ICCS) - ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ - പരിശീലന മേഖലകളിൽ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കോട്ടയം കഞ്ഞിക്കുഴി ആസ്ഥാനമായുള്ള Kerala State Council for Science, Technology and Environment (KSCSTE)- Institute for Climate Change Studies (ICCS) - ഉം മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ - പരിശീലന മേഖലകളിൽ സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.03.2025 തീയതിയിലെ 2356/P&D 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 14/25.03/3366/P&D 2-1/2025**

**കർണാടകയിലെ മണിപ്പാൽ ആസ്ഥാനമായുള്ള Manipal Academy of Higher Education (MAHE)-യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ മേഖലയിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായത് - സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് - സിൻഡിക്കറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

കർണാടകയിലെ മണിപ്പാൽ ആസ്ഥാനമായുള്ള Manipal Academy of Higher Education-യും മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ഗവേഷണ മേഖലയിലുള്ള സഹകരണത്തിനായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 13.03.2025 തീയതിയിലെ 2359/P&D 2/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 15/25.03/125613/ACA8-4/2024**

**കാഞ്ഞിരപ്പള്ളി, സെന്റ് ഡോമിനിക്സ് കോളേജിലെ രണ്ടാം വർഷ B Com Model (II) വിദ്യാർത്ഥിയായ ശ്രീ.മിറാജ് സിനാജ് -നെ കോളേജിൽ നിന്നും പുറത്താക്കിയ നടപടി രാഷ്ട്രീയ പ്രേരിതമായിരുന്നു എന്ന് ആരോപിച്ചുകൊണ്ട് ബഹു.ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട WP(C) 46168/2024 നമ്പർ ഹർജിയിന്മേൽ പുറപ്പെടുവിച്ച 03.02.2025 തീയതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബി.എ.എസ്.ജി.യോഗത്തിലെ ശുപാർശകൾ അംഗീകരിച്ച - വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് :-**

കാഞ്ഞിരപ്പള്ളി, സെന്റ് ഡോമിനിക്സ് കോളേജിലെ രണ്ടാം വർഷ B Com Model (II) വിദ്യാർത്ഥിയായ ശ്രീ.മിറാജ് സിനാജ്-നെ കോളേജിൽ നിന്നും പുറത്താക്കിയ നടപടി രാഷ്ട്രീയ പ്രേരിതമായിരുന്നു എന്ന് ആരോപിച്ചുകൊണ്ട് ബഹു: ഹൈക്കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട WP(C) 46168/2024 നമ്പർ ഹർജിയിന്മേൽ പുറപ്പെടുവിച്ച 03.02.2025 തീയതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ ബി.എ.എസ്.ജി. യോഗത്തിന്റെ ശിപാർശകൾ വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 03.03.2025 തീയതിയിലെ 1970/ACA8/2024/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 16/25.03/159268/AD B4-2/2023**

**സർവ്വകലാശാല ലൈബ്രറിയിലേക്ക് 2025 വർഷത്തിൽ iThenticate AI Detection എന്ന Software, M/s Turnitin India Pvt. Ltd., Noida, Uttarpradesh എന്ന സ്ഥാപനത്തിൽ നിന്നും നിലവിലെ നിയമ പ്രകാരമുള്ള നികുതിയുൾപ്പെടെ ആകെ 11,84,298/- രൂപയ്ക്ക് (പതിനൊന്നു ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടു മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3.10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട തീരുമാനം - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

സർവ്വകലാശാല ലൈബ്രറിയിലേക്ക് 2025 വർഷത്തിൽ Plagiarism പരിശോധിക്കുന്നതിനായി iThenticate AI Detection എന്ന Software,M/s Turnitin India Pvt. Ltd., Noida, Uttarpradesh എന്ന സ്ഥാപനത്തിൽ നിന്നും നിലവിലെ നിയമ പ്രകാരമുള്ള നികുതിയുൾപ്പെടെ ആകെ 11,84,298/- രൂപയ്ക്ക് (പതിനൊന്നു ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റി എട്ടു രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലെ " 21 101 10 a - Computers and Software " എന്ന ബജറ്റ് ശീർഷകത്തിൽനിന്നും വകയിരുത്തി വാങ്ങുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം അനുമതി നൽകി വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 06.03.2025 തീയതിയിലെ 2115/ADB4/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യു.

**ഇനംനമ്പർ 17/25.03/157490/AC A9-3/2021**

**സർവകലാശാലയുടെ 2024 സ്കീം പ്രകാരമുള്ള B.Lib.I.Sc പ്രോഗ്രാമിൻറെ പരിഷ്കരിച്ച കോഴ്സ് കോഡ് അംഗീകരിച്ച്, അതിൻ പ്രകാരം കോഴ്സ് മാപ്പിംഗ് നടത്തുന്നതിന്, - സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III,വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും അതിൻപ്രകാരം പുറപ്പെടുവിച്ച സർവകലാശാല ഉത്തരവും - സിൻഡിക്കേറ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടന്നുവരുന്ന Bachelor of Library and Information Science (B.Lib.I.Sc) ബിരുദത്തിന് 2024 അദ്ധ്യയന വർഷം മുതൽ

പരിഷ്കരിച്ച സ്കീം, സിലബസ് എന്നിവ നടപ്പിൽ വരുത്തിയിരുന്നു. അതിൻപ്രകാരം കോഴ്സ് മാപ്പിംഗ് നടത്തുന്ന വേളയിൽ പഴയ സ്കീം പ്രകാരമുള്ള കോഴ്സ് കോഡുകൾ തന്നെയാണ് പുതിയ സ്കീം പ്രകാരമുള്ള സിലബസിലും ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച സാഹചര്യത്തിൽ അടിയന്തിരമായി കോഴ്സ് മാപ്പിംഗ് നടത്തേണ്ടതിനാൽ, കൺവീനർ വിദഗ്ധ സമിതി, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (യു.ജി & പി.ജി) ലഭ്യമാക്കിയ പരിഷ്കരിച്ച കോഴ്സ് കോഡുകൾ അംഗീകരിച്ച്, അതിൻ പ്രകാരം കോഴ്സ് മാപ്പിംഗ് നടത്തുന്നതിന്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 20.03.2025 തീയതിയിലെ 2704/ACA9/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 18/25.03/17996/CS S-2/2024**

**മഹാത്മാഗാന്ധി സർവ്വകലാശാലയും, കണ്ണൂർ സർവ്വകലാശാലയും സംയുക്തമായി നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിൽ, 2024 ജനുവരി മാസം നടന്ന 2023-2025 ബാച്ച് വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ M.Sc. Physics(Nanoscience and Nanotechnology) ഡിഗ്രി പരീക്ഷാഫലം റദ്ദ് ചെയ്ത് പുനഃപ്രസിദ്ധീകരിക്കുന്നതിനും, ഒന്നാം സെമസ്റ്റർ M.Sc. Chemistry (Nanoscience and Nanotechnology) പരീക്ഷാഫലം പരിഷ്ക്കരിക്കുന്നതിനും ഉത്തരവായത് സംബന്ധിച്ച്:-**

മഹാത്മാഗാന്ധി സർവ്വകലാശാലയും, കണ്ണൂർ സർവ്വകലാശാലയും സംയുക്തമായി നടത്തുന്ന ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളിൽ, സ്കൂൾ ഓഫ് നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ 2024 ജനുവരി മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ MSc Physics (Nanoscience and Nanotechnology) ഡിഗ്രി പരീക്ഷാഫലം റദ്ദ് ചെയ്ത്, പുതുക്കിയ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും, M.Sc. Chemistry (Nanoscience and Nanotechnology) ഒന്നാം സെമസ്റ്റർ പരീക്ഷാഫലം പരിഷ്കരിക്കുന്നതിനും, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിഛേദം 10(17) പ്രകാരം 18/02/2025 തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 22.02.2025 തീയതിയിലെ 1658/CSS1/2025/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 19/25.03/102345/AC A6-1/2024**

**കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബിനോ സെബാസ്റ്റ്യൻ വി ( Dr. Bino Sebastian V)-യെ അതേ കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ ഗവേഷണ മാർഗ്ഗദർശിയായി അംഗീകരിച്ചുകൊണ്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും , തദനുസരണം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റിലേക്കു റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

20.03.2025 തീയതിയിലെ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി (റിസർച്ച് & ഡെവലപ്മെന്റ്) യോഗം ഇനം നമ്പർ. 102345/AC A 6-1/2024 പ്രകാരം കോതമംഗലം, മാർ അത്തനേഷ്യസ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ബിനോ സെബാസ്റ്റ്യൻ വി. (Dr. Bino Sebastian V)-ക്ക് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും തദനുസരണം പുറപ്പെടുവിച്ച 21.03.2025 തീയതിയിലെ 2733/AC A6/2025/MGU നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 20/25.03/21226/AD A4-3/2025** **ഐ ടി സെൽ - താത്കാലിക - കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ തസ്തികയിലേക്കുള്ള വാക് ഇൻ ഇന്റർവ്യൂ - ന്റെ നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ III സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ചത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.**

ഐ ടി സെൽ വിഭാഗത്തിലേക്ക് താത്കാലിക - കരാർ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ - തസ്തികയിലേക്ക് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 13.03.2025 തീയതി രാവിലെ 11.00 മണിക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ നിയോഗത്തിനായി റാങ്ക് ക്രമത്തിൽ ശ്രീമതി. ശ്രുതി സി നായർ, ശ്രീമതി. ശരണ്യ, ശ്രീമതി . ബിയ ബിനോയ് എന്നിവരെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തിരുന്നു. സെലക്ഷൻ കമ്മിറ്റിയുടെ ടി നടപടിക്രമം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായ നടപടിയും, തദനുസരണം തദനുസരണം പുറപ്പെടുവിച്ച 20.03.2025 തീയതിയിലെ 2715/AD A4/2025/എം.ജി.യു. നമ്പർ സർവ്വകലാശാല ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 21/25.03/710/AC A4-2/2025** **ശ്രീ. ഫൈസൽ ഖാൻ എന്ന എൽഎൽഎം വിദ്യാർത്ഥിയ്ക്ക് റീ അഡ്മിഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട എൽഎൽഎം റെഗുലേഷൻ 2021 ൽ clause 17 (A ) കൂട്ടിച്ചേർത്തത് സംബന്ധിച്ച് .**

എറണാകുളം ഗവണ്മെന്റ് ലോ കോളേജിലെ എൽ.എൽ.എം വിദ്യാർത്ഥിയായ ശ്രീ ഫൈസൽ ഖാന്റെ (PRN:213241710182) മൂന്നാം സെമെസ്റ്ററിലേയ്ക്കുള്ള റീ അഡ്മിഷനുമായി ബന്ധപ്പെട്ട് വൈസ് ചാൻസലർ റെഗുലേഷൻ ഭേദഗതി ചെയ്യുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 12.03.2025 തീയതിയിലെ 2282/AC A4/2025/എം.ജി.യു നമ്പർ സർവ്വകലാശാല ഉത്തരവും MGU Act 1985, chapter V, section 40 (1) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

## (III) ക്രമ ഇനങ്ങൾ

## (I) നടപ്പ് ഇനങ്ങൾ

**ഇനംനമ്പർ 22/25.03/134489/CBCSS 26-1/2024** **ചുട്ടിപ്പാറ, സ്കൂൾ ഓഫ് ടെക്നോളജീസ് ആൻഡ് അപ്ലൈഡ് സയൻസസ് കോളേജിലെ CBCS BCA മൂന്നാം സെമസ്റ്റർ ഒക്ടോബർ 2024 പരീക്ഷ എഴുതിയ ALIN MONACHAN (PRN: 220021086809)-ന് എതിരായുള്ള പരീക്ഷ ക്രമക്കേട് ആരോപണ റിപ്പോർട്ട് സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 23/25.03/134455/CBCSS 26-1/2024** **ചുട്ടിപ്പാറ, സ്കൂൾ ഓഫ് ടെക്നോളജീസ് ആൻഡ് അപ്ലൈഡ് സയൻസസ് കോളേജിലെ CBCS BCA മൂന്നാം സെമസ്റ്റർ ഒക്ടോബർ 2024 പരീക്ഷ എഴുതിയ JISHNU.C (PRN: 220021086825)-ന് എതിരായുള്ള പരീക്ഷ ക്രമക്കേട് ആരോപണ റിപ്പോർട്ട് സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 24/25.03/134490/CBCSS 26-1/2024** **ചൂട്ടിപ്പാറ, സ്കൂൾ ഓഫ് ടെക്നോളജീസ് ആൻഡ് അപ്ലൈഡ് സയൻസസ് കോളേജിലെ CBCS BCA മൂന്നാം സെമസ്റ്റർ ഒക്ടോബർ 2024 പരീക്ഷ എഴുതിയ VYSHAK S.R. (PRN:220021086847)-ന് എതിരായുള്ള പരീക്ഷ ക്രമക്കേട് ആരോപണ റിപ്പോർട്ട് സംബന്ധിച്ച്:-**

പ്രസ്തുത വിഷയത്തിൽ അന്വേഷണ കമ്മീഷൻ ആയി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം)-നെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 25/25.03/AdAII/1/332/2010/Admn (PART I)** **Promotion of Dr. Mahesh Mohan, School of Environmental Sciences from Assistant Professor (Academic Level 12) to Associate Professor (Academic Level 13 A) - reg.**

Dr. Mahesh Mohan, School of Environmental Sciences submitted the application to revise his dates of promotion to the post of Assistant Professor (Academic Level 12), from 20.01.2020 to 20.01.2019 and to the post of Associate Professor (Academic Level 13 A), from 23.01.2023 to 23.01.2022, considering the application, it is resolved to place the above mentioned matter before the screening committee and selection committee constituted as per University order no. 8556/AC B 5/2024/M.G.U. dated 23.09.2024.

**ഇനംനമ്പർ 26/25.03/5056/ESTATE OFFICER ADMINISTRATION/2025** **മുല്ലയാർ ക്വാർട്ടേഴ്സിൽ ഉണ്ടായ സംഘർഷത്തിന്മേൽ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സിയാദ് പി.എ. ക്വാർട്ടേഴ്സ് ഒഴിഞ്ഞതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 27/25.03/10114/AD B1-1/2025** **മഹാത്മാഗാന്ധി സർവ്വകലാശാലയും മാർസ്ലീവാ മെഡിസിറ്റി പാലായും തമ്മിലുള്ള സഹകരണം സംബന്ധിച്ച്;**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാർക്കും അവരുടെ അടുത്ത ആശ്രിതർക്കുമായി (Spouse, Children, Parents) മാർ സ്ലീവാ മെഡിസിറ്റി, പാലാ വാഗ്ദാനം ചെയ്ത സേവനങ്ങൾ സംബന്ധിച്ച് ആശുപത്രിയുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ 1 (ഭരണം)-നെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 28/25.03/24866/AD A7-3/2023** **NIPST-ൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച്;**

ഇന്റർ സ്കൂൾ സെന്റർ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി (NIPST)-ൽ ഒരു ലബോറട്ടറി സ്റ്റാഫിനെ അവശ്യപ്പെട്ടുകൊണ്ട് NIPST കോ-ഓർഡിനേറ്റർ സമർപ്പിച്ച അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 29/25.03/1089/Ad A5/2018 (PART II)** **സർവ്വകലാശാലയിലെ എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ശ്രീ. ഇ.എൻ.ശിവദാസന്റെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് :-**

സർവ്വകലാശാലയിലെ എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ താൽക്കാലിക കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ശ്രീ. ഇ. എൻ. ശിവദാസന്റെ സേവനകാലാവധി രണ്ട് വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു.

**ഇനംനമ്പർ 30/25.03/93921/AD A2-3/2022** **സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ 20.06.2022 തീയതിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഡോ. ജോജിൻ വി. ജോൺ, Indian Council of World Affairs (ICWA), New Delhi -യിൽ contractual term -ൽ Research Fellow ആയി 15.05.2017 മുതൽ 17 .06 .2022 വരെ സേവനമനുഷ്ഠിച്ച കാലയളവ് Service benefits ലഭിക്കുന്നതിനായി പരിഗണിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിൽ 20.06.2022 തീയതിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഡോ. ജോജിൻ വി.ജോൺ, Indian Council of World Affairs (ICWA), New Delhi -യിൽ contractual term -ൽ Research Fellow ആയി 15.05.2017 മുതൽ 17.06.2022 വരെ സേവനമനുഷ്ഠിച്ച കാലയളവ് Service benefits-ന് യോഗ്യകാലമായി കണക്കാക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**ഇനംനമ്പർ 31/825.03/83379/AD A5-3/2020** **സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസ് പഠന വകുപ്പിൽ കരാർ അടിസ്ഥാനത്തിൽ സേവനത്തിലുള്ള മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റിന്റെ നിയോഗകാലാവധി സംബന്ധിച്ച് :-**

നിയമന കാലാവധി പൂർത്തിയാക്കിയ ജീവനക്കാർ പിരിയുമ്പോൾ വീണ്ടും notify ചെയ്ത് നിയമനം നടത്താൻ തീരുമാനിച്ചു. ഒരു വർഷത്തിൽ കൂടുതൽ കാലാവധിക്ക് നിയമിക്കേണ്ടതില്ല എന്നും തീരുമാനിച്ചു.

**ഇനംനമ്പർ 32/25.03/57462/AD A1-1/2024** **ശ്രീ. മധു കെ, ക്ലറിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് സമർപ്പിച്ച WP(c) No. 30003/2024 - മേല്പള്ള ബഹു.ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

ശ്രീ. മധു കെ, ക്ലറിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട WP(c) No. 30003/2024-മേല്പള്ള ബഹു.ഹൈക്കോടതിയുടെ വിധി അനുസരിച്ച് ശ്രീ. മധു കെ-യ്ക്ക് 24.05.2018 മുതൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിനും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോഷണൽ ആയി പരിഗണിച്ച് പുതുതായി സർവ്വീസിൽ ചുമതലയേൽക്കുന്ന ദിവസം മുതൽ ആനുകൂല്യങ്ങൾ റീഫിക്സ് ചെയ്തു നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 33/25.03/135367/AD A1-2/2024** **അനാരോഗ്യവും സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് Work from Home അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഫ്രണ്ട് ഓഫീസ് 1 സെക്ഷൻ ഓഫീസർ ആയ ശ്രീ. നവാസ് ഒ.എസ്. -ൽ നിന്നും ലഭിച്ച സമർപ്പണം - സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, വ്യവസ്ഥകൾ എന്നിവ അന്വേഷണത്തിൽ കണ്ടെത്താൻ സാധിക്കാത്തത് - സിൻഡിക്കേറ്റിന്റെ പരിഗണനക്ക് ഫയൽ പുനഃസമർപ്പിക്കുന്നത് സംബന്ധിച്ച്.**

അനാരോഗ്യവും സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് Work from Home അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട് ഓഫീസ് 1 സെക്ഷൻ ഓഫീസർ ആയ ശ്രീ. നവാസ് ഒ.എസ്. സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് ടി വ്യക്തി 18.01.2025-ൽ നിര്യാതനായ സാഹചര്യത്തിൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 34/25.03/92979/FC C-3/2024** **മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പളം ഫെഡറൽ ബാങ്ക് അക്കൗണ്ടുകൾ വഴി ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പളം ഫെഡറൽ ബാങ്ക് അക്കൗണ്ടുകൾ വഴി ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷ

നിരസിക്കുന്നതിനും എന്നാൽ, ദേശസാൽകൃത ബാങ്കുകൾ വഴി ശമ്പളം നൽകുന്നത് പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 35/25.03/98823/AD A1-2/2024** **ശ്രീ. റെജിമോൻ വൈ, യൂണിവേഴ്സിറ്റി ലൈബ്രറിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന കാലയളവിൽ കൂടുതൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് - യൂണിവേഴ്സിറ്റി ഇന്റേണൽ ഓഡിറ്റ് വിഭാഗം യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നടത്തിയ പരിശോധന റിപ്പോർട്ട് - സിന്ഡിറക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ശ്രീ. റെജിമോൻ വൈ, യൂണിവേഴ്സിറ്റി ലൈബ്രറിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന കാലയളവിൽ ലൈബ്രറി മെമ്പർമാരിൽ നിന്ന് ലഭിച്ച വിവിധ ഇനം ഫീസുകളിൽ അക്കൗണ്ടിലേക്ക് അടയ്ക്കാത്തതായി കണ്ടെത്തിയ 92,143/- രൂപ, സ്റ്റാമ്പ് വാങ്ങാനായി അനുവദിച്ച തുക വിനിയോഗിയ്ക്കാത്തതായി കണ്ടെത്തിയ 3000/- രൂപ, ടോണർ റീഫിൽ ചെയ്യുന്നതിനായി അനുവദിച്ച തുകയായ 700/- രൂപ, ലൈബ്രറിയിലേക്ക് കുടിവെള്ളം നൽകിയ സ്ഥാപനത്തിന് നൽകാനുള്ള 3,700/- രൂപ കോഷൻ ഡെപ്പോസിറ്റ് റീഫണ്ട് ലഭിയ്ക്കാത്ത 4 വിദ്യാർത്ഥികൾക്ക് നൽകാനുള്ള 800/- രൂപ എന്നിവ നൽകാത്തത് എന്നിങ്ങനെ 1,00,343/- രൂപ (ഒരു ലക്ഷത്തി മുന്നൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) പിഴപ്പലിശ സഹിതം തിരികെ പിടിക്കുന്നതിനും, ടിയാൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ സാഹചര്യത്തിൽ ടിയാൾക്കെതിരെ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.
കൂടാതെ, ടിയാൾ കൂടുതൽ ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റി ഇന്റേണൽ ഓഡിറ്റ് വിഭാഗം യൂണിവേഴ്സിറ്റി ലൈബ്രറിയിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിലെ താഴെപറയുന്ന നിർദ്ദേശങ്ങളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

1. ലൈബ്രറി മെമ്പർമാർക്ക് കോഷൻ ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുന്നത് അക്കൗണ്ട് ട്രാൻസ്ഫർ ആയി ഓരോ ദിവസത്തെയും ഒരുമിച്ച് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും
2. ഓരോ ദിവസത്തെയും ക്യാഷ് സ്വീകരിക്കുന്ന ദിവസമോ, അടുത്ത ദിവസമോ അക്കൗണ്ടിലേക്ക് അടക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിനും
3. Rs.200/- രൂപയും അതിന് മുകളിൽ വരുന്ന പേയ്മെന്റുകളും ഇ-പേയ്മെന്റായി അടയ്ക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും

**ഇനംനമ്പർ 36/25.03/14947/AC A13-3/2025** Sri. Sajoy George - 2008 July Session - Political Science **വിഷയം - ഗവേഷണ പ്രബന്ധ സമർപ്പണത്തിനുള്ള അനുമതിക്കായും , ഇതിനായി ഫീസ് /ഫൈൻ ഇനത്തിൽ അടക്കേണ്ട തുക ലഘൂകരിക്കണമെന്നും കാണിച്ചുകൊണ്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സംബന്ധിച്ച് :-**

ഗവേഷണ പ്രബന്ധം യഥാസമയം സമർപ്പിക്കാതിരുന്ന ഗവേഷകർക്ക് പ്രബന്ധസമർപ്പണത്തിനായി 30.06.2025 തീയതി വരെ സർവ്വകലാശാല നൽകിയ ഇളവ് ഉപയോഗപ്പെടുത്തുന്നതിനായി, സർവ്വകലാശാലയിൽ ഒടുക്കേണ്ടതായിട്ടുള്ള ഫീസ്/ഫൈൻ ഇനത്തിലുള്ള തുകകൾ ഇളവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് ഗവേഷകരിൽ നിന്നും നിരവധി അപേക്ഷകൾ ലഭിച്ച സാഹചര്യത്തിൽ സമാനമായ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബാബു മൈക്കിൾ, ഹരികൃഷ്ണൻ പി., ഡോ. ജോജി അലക്സ്, ഡോ. സുജ റ്റി.വി. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 37/25.03/69046/AC A6-1/2024 (PART I) ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. വൈനി ഗോപി (Dr. Whyni Gopi) മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ റിസർച്ച് ഗൈഡായി അംഗീകരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

ചങ്ങനാശ്ശേരി, അസംപ്ഷൻ കോളേജിലെ ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. വൈനി ഗോപി (Dr. Whyni Gopi) -ക്ക് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ ഹിസ്റ്ററി

ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 38/25.03/2453/AC A10-1/2025** **പി.എച്ച്.ഡി. പ്രോഗ്രാം – കോമേഴ്സ് – 2022 അഡ്മിഷൻ – ശ്രീമതി. ഫിഫി ജോസഫ് – ഗവേഷണ മാർഗ്ഗദർശി, ഗവേഷണ കേന്ദ്രം എന്നിവ മാറ്റി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

പാമ്പാടി, കുര്യാക്കോസ് ഗ്രീഗോറിയോസ് കോളേജിൽ കോമേഴ്സ് വിഷയത്തിൽ ഭാഗീക സമയ ഗവേഷകയായ ശ്രീമതി. ഫിഫി ജോസഫിന് നിലവിലെ ഗവേഷണ മാർഗ്ഗദർശിയായ ഡോ. പ്രദീപ് കുമാർ പി. എസ്-നു പകരം കൊച്ചി, കൊച്ചിൻ കോളേജിലെ ഡോ. അനു എൽ. -നെ പുതിയ ഗവേഷണ മാർഗ്ഗദർശിയായും, കൊച്ചിൻ കോളേജ്, കൊച്ചി പുതിയ ഗവേഷണ കേന്ദ്രമായും അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 39/25.03/90592/AC A6-3/2023** **കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ ബിരുദാനന്തരബിരുദ ബോട്ടണി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനും, അതേ കോളേജിലെ തന്നെ ബോട്ടണി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സ്മിത ആർ. ബി, ഡോ. അരുൺരാജ് ആർ. ഡി, ഡോ. പ്രശാന്ത്കുമാർ എസ്, ഡോ. ജ്യോതി എബ്രഹാം എന്നിവരെ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്**

കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജിലെ ബിരുദാനന്തരബിരുദ ബോട്ടണി വിഭാഗത്തെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗവേഷണകേന്ദ്രമായി അംഗീകരിക്കുന്നതിനും, ഇതേ കോളേജിൽ ബോട്ടണി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ഡോ. സ്മിത ആർ. ബി, ഡോ. അരുൺരാജ് ആർ. ഡി, ഡോ. പ്രശാന്ത്കുമാർ എസ് എന്നിവരെ ഈ ഗവേഷണകേന്ദ്രത്തിൽ റിസർച്ച് ഗൈഡുമാരായി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 40/25.03/Ac AII/2/91/Mal/2016-Athira K R** **ഗവേഷണവിഷയം മലയാളം – 2016 പ്രവേശന വർഷം-ശ്രീമതി ആതിര കെ ആർ- സിനോപ്സിസ് സമർപ്പിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

ശ്രീമതി. ആതിര കെ ആർ-ന് വീണ്ടും പ്രീ.പി.എച്ച്.ഡി പ്രസന്റേഷൻ നടത്തി സർവ്വകലാശാലക്ക് ഒടുക്കേണ്ടതായ ഫീസുകൾ ഒടുക്കിക്കൊണ്ട് സിനോപ്സിസ് സമർപ്പിക്കുവാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 41/25.03/8849/AC A6-1/2025** **പാലാ, സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ.ജോബി മാത്യു (Dr. Joby Mathew) അതേ കോളേജിലെ തന്നെ ഇംഗ്ലീഷ് വിഭാഗം ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി മഹാത്മാ ഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ സമർപ്പിച്ചിരി ക്കുന്ന അപേക്ഷ – സംബന്ധിച്ച്.**

പാലാ, സെന്റ് തോമസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ജോബി മാത്യു (Dr. Joby Mathew)-ന് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 42/25.03/13271/AC A6-3/2025** **കോട്ടയം ബി സി എം കോളേജിലെ ബിരുദാനന്തര ബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ ഗവേഷണ കേന്ദ്രമായി മഹാത്മാഗാന്ധി സർവ്വകലാശാല അംഗീകരിക്കാൻ നൽകിയിരിക്കുന്ന അപേക്ഷ – സംബന്ധിച്ച്;**

കോട്ടയം ബി സി എം കോളേജിലെ ബിരുദാനന്തരബിരുദ മാത്തമാറ്റിക്സ് വിഭാഗത്തെ മഹാത്മാഗാന്ധി സർവകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച്, ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വ. റെജി സഖറിയ

(സിൻഡിക്കേറ്റ് അംഗം), ഡോ. മാധവൻ നമ്പൂതിരി എം., ഗവ. കോളേജ് ശാന്തൻപാറ (വിഷയ വിദഗ്ദ്ധൻ) എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 43/25.03/152975/AC A6-3/2023** **ഗവേഷണം - ജിയോളജി വിഷയം - 2023 അഡ്മിഷൻ - ശ്രീ.ആകാശ് എ നായർ - ഗവേഷണ മാർഗ്ഗദർശിയെ മാറ്റി അനുവദിക്കുന്നത് സംബന്ധിച്ച്**

നാട്ടകം ഗവൺമെന്റ് കോളേജിൽ ജിയോളജി വിഷയത്തിൽ ഭാഗിക സമയ ഗവേഷകനായ ശ്രീ.ആകാശ് എ നായർ-ന് നിലവിലെ ഗവേഷണ മാർഗ്ഗദർശിയായ ഡോ. അജയ് കെ. കെ-ക്ക് പകരം അതേ കോളേജിലെ തന്നെ ജിയോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ.അനീഷ് എ. യു-വിനെ പുതിയ ഗവേഷണ മാർഗ്ഗദർശിയായി അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 44/25.03/9903/AC A6-3/2024** **റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരി ക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ യോടനുബന്ധിച്ച് പുതിയ ഇൻസ്പെക്ഷൻ കമീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച്**

റാന്നി സെന്റ് തോമസ് കോളേജിലെ ബിരുദാനന്തര ബിരുദ കെമിസ്ട്രി വിഭാഗത്തെ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായി അംഗീകരിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കേന്ദ്രം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), ഡോ. അജിത്ത് ജയിംസ്, എസ് ബി കോളേജ് ചങ്ങനാശ്ശേരി (വിഷയ വിദഗ്ദ്ധൻ) എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 45/25.03/90367/AC A6-1/2024** **കോട്ടയം, സി.എം.എസ് കോളേജിൽ സുവോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.വിജോ തോമസ് കുര്യൻ (Dr. Vijo Thomas Kurien) മഹാത്മാഗാന്ധി സർവ്വകലാശാലാ റിസർച്ച് ഗൈഡായി അംഗീകരിക്കപ്പെടുവാൻ സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്**

കോട്ടയം, സി.എം.എസ് കോളേജിൽ സുവോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.വിജോ തോമസ് കുര്യൻ (Dr. Vijo Thomas Kurien)-ന് പ്രസ്തുത കോളേജിലെ തന്നെ ബിരുദാനന്തര ബിരുദ സുവോളജി ഡിപ്പാർട്ട്മെന്റിൽ/ഗവേഷണ കേന്ദ്രത്തിൽ റിസർച്ച് ഗൈഡായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 46/25.03/42839/Ac A1-2/2024** **സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് ടെക്നോളജി - റെഗുലർ M.Sc കോഴ്സും, ജോയിന്റ് M.Sc കോഴ്സും (Between K.U& M.G.U) തമ്മിൽ ഫീസ് ഘടനയിലുള്ള വ്യത്യാസം - ഡിപ്പാർട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ സെക്രട്ടറി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയൻ 2024-25 ചെയർപേഴ്സൺ വിനയ വി.ടി., സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് ടെക്നോളജിയിൽ നടന്നുവരുന്ന എം.എസ്.സി. പ്രോഗ്രാമിന്റെ 2023-25 ബാച്ചിനുള്ള ഫീസിളവിനായി സമർപ്പിച്ച അപേക്ഷ 23.01.2025 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നം. 714/ACA1/2025/MGU പ്രകാരം നിയുക്തമായ പരിശോധനാസമിതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 47/25.03/48631/ADA7 SO/2023** **ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസിൽ (ICUS) റിസർച്ച് / സയന്റിഫിക് ഓഫീസർ എന്ന താത്കാലിക തസ്തികയുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം സംബന്ധിച്ച് :-**

ഇന്റർനാഷണൽ സെന്റർ ഫോർ അൾട്രാഫാസ്റ്റ് സ്റ്റഡീസ് (ICUS) ഓണററി ഡയറക്ടർ നൽകിയ അപേക്ഷ പരിഗണിച്ച്,

1.റിസർച്ച് /സയന്റിഫിക് ഓഫീസറുടെ കാലാവധി 3 വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിനും,

2.റിസർച്ച്/സയന്റിഫിക് ഓഫീസറുടെ പ്രതിമാസ വേതനം 50,000/- രൂപയായി നിലനിർത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 48/25.03/148148/FO SECTION-ASSISTANT1/2024** **2024 - 25 സാമ്പത്തിക വർഷത്തെ " 22 316 31 - Honorarium/Payment to Guest/ Visiting/ Adjunct faculty " എന്ന ബജറ്റ് ശീർഷകത്തിൽ അധിക തുക വകയിരുത്തൽ സംബന്ധിച്ച് -**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ നടപ്പ സാമ്പത്തിക വർഷത്തിലെ ' 22 316 31 - Honorarium/Payment to Guest/ Visiting/ Adjunct faculty'എന്ന് ബജറ്റ് ശീർഷകത്തിൽ അധികതുകയായി 12,00,000/- രൂപ (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) വകയിരുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 49/25.03/111904/AD A9-3/2022** **NAAC സന്ദർശനത്തിന് മുന്നോടിയായി സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന് വേണ്ടി സർവ്വകലാശാലയിലെ സെന്റർ ഫോർ ഹൈ പെർഫൊർമൻസ് കമ്പ്യൂട്ടിംഗ് പ്രവർത്തിച്ചിരുന്ന കെട്ടിടം, പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ചെലവുകൾക്കായി താൽക്കാലിക മുൻകൂർ തുകയായി സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് വകുപ്പുമേധാവിയും IQAC മെമ്പറുമായ ഡോ. ടോണി കെ. തോമസ് - ന്റെ പേരിൽ അനുവദിച്ച ₹5,00,000/- (അഞ്ച് ലക്ഷം രൂപാ മാത്രം) രൂപയുടെ ക്രമീകരണം - സംബന്ധിച്ച്**

NAAC സന്ദർശനത്തിന് മുന്നോടിയായി സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് (SMS) -ന് വേണ്ടി സർവ്വകലാശാലയിലെ സെന്റർ ഫോർ ഹൈ പെർഫൊർമൻസ് കമ്പ്യൂട്ടിംഗ് പ്രവർത്തിച്ചിരുന്ന കെട്ടിടം, അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ചെലവുകൾക്കായി സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് വകുപ്പുമേധാവിയും IQAC മെമ്പറുമായ ഡോ. ടോണി കെ. തോമസ്-ന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച 5,00,000/- (അഞ്ചുലക്ഷം രൂപ മാത്രം) രൂപ താഴെപ്പറയുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

1. പ്രസ്തുത പ്രവൃത്തികൾക്കായി ആകെ ചെലവഴിച്ച തുകയായ 5,21,961/-(അഞ്ചു ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന് രൂപ മാത്രം ) രൂപ അംഗീകരിക്കുന്നതിനും,
2. അധികമായി ചെലവഴിച്ച തുകയായ 21,961/ - രൂപ (ഇരുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന് രൂപ മാത്രം) ടിയാന് തിരികെ നൽകുന്നതിനും,
3. സർവകലാശാല ഉത്തരവ് നമ്പർ 8198/ADA9/2022/എംജിയു തീയതി 01.08.2022 പ്രകാരം ഡോ. ടോണി കെ. തോമസ്-ന്റെ പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുകയായ 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപാ മാത്രം) നടപ്പ സാമ്പത്തിക വർഷത്തിലെ സർവകലാശാല ബഡ്ജറ്റിലെ ' 21 101 27 -others ' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 50/25.03/83399/AD A9-3/2022** **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസോസിയേറ്റ് പ്രൊഫസറായി നിയമിതയായ ഡോ.ശ്രീകല എം എസ്-നായി ടി വകുപ്പിൽ അനുവദിച്ച ഓഫീസ് റൂമിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ,പ്രിൻറർ,ഫർണീച്ചർ എന്നിവ വാങ്ങുന്നതിന് - താത്ക്കാലിക മുൻകൂർ തുക ₹2,00,000/- (രണ്ട് ലക്ഷം രൂപാ മാത്രം) - ക്രമീകരണത്തിലെ കാലതാമസം - തുക പിഴപ്പലിശ ഈടാക്കുന്നത് - സംബന്ധിച്ച്.**

ഡോ. ശ്രീകല എം.എസ്. നൽകിയ അപേക്ഷ നിരസിക്കുന്നതിനും പിഴപ്പലിശ ഇനത്തിൽ 11,429/- രൂപ (പതിനൊന്നായിരത്തി നാന്നൂറ്റി ഇരുപത്തിയൊൻപത് രൂപ മാത്രം) ടിയാളിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 51/25.03/71050/SC- ST CELL-1/2024** **സർവകലാശാലയുടെ 2024-25 ബജറ്റ് എസ്റ്റിമേറ്റിൽ (പ്ലാൻ ഫണ്ട്) SC/ST, OBC, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിനും ക്ഷേമത്തിനുമായി വകയിരുത്തിയ അൻപതുലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച്**

സർവകലാശാലയുടെ 2024-25 ബജറ്റ് എസ്റ്റിമേറ്റിൽ (പ്ലാൻ ഫണ്ട്) SC/ST, OBC, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ശാക്തീകരണത്തിനും ക്ഷേമത്തിനുമായി വകയിരുത്തിയ അൻപതുലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് പഠിക്കുന്നതിനായി സ.ഉ. നം. 9569/SC/ST-CELL/2024/MGU തീയതി 22.10.2024 പ്രകാരം രൂപീകൃതമായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 52/25.03/10166/AD A1-1/2025** **കോളേജുകളുടേയും വിദ്യാർത്ഥികളുടേയും റീഫണ്ട് ബില്ലിന്മേൽ ഡബിൾ പേയ്മെന്റ് ഉണ്ടായത് - അനില ഫിലിപ്പ്, ജോയിന്റ് രജിസ്ട്രാർ (ധനകാര്യം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്**

കോളേജുകളുടേയും വിദ്യാർത്ഥികളുടേയും റീഫണ്ട് ബില്ലിന്മേൽ ഡബിൾ പേയ്മെന്റ് ഉണ്ടായതുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ച ഉദ്യോഗസ്ഥർക്ക് ശക്തമായ താക്കീത് നൽകുന്നതിനും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ.ഉ. നം. 55/Ad A1/2025/MGU തീയതി 03.01.2025 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ, ഇപ്രകാരമുള്ള പിഴവുകൾ ഇനിമേൽ സംഭവിക്കാതിരിക്കാനായി സമർപ്പിച്ച ശുപാർശകൾ നടപ്പിലാക്കുന്നതിന് ഫിനാൻസ് വിഭാഗത്തിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 53/25.03/108405/CDOE 1-3/2024** **സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്റെ 2024 ജൂലൈ ബാച്ചിന്റെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷനുമായി ബന്ധപ്പെട്ട് മലയാള മനോരമയുടെ വനിതാ ദ്വൈവാരികയിലും മാതൃഭൂമി, മലയാള മനോരമ എന്നീ ദിനപത്രങ്ങളിലും പരസ്യങ്ങൾ നൽകിയ വകയിൽ പെയ്മെന്റ് നൽകുന്നത്- സംബന്ധിച്ച്.**

സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷന്റെ 2024 ജൂലൈ ബാച്ചിൻറെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷനുമായി ബന്ധപ്പെട്ട് മലയാള മനോരമയുടെ വനിതാ ദ്വൈവാരികയിലും മാതൃഭൂമി, മലയാള മനോരമ എന്നീ ദിനപത്രങ്ങളിലും പരസ്യങ്ങൾ നൽകിയ വകയിൽ ടി സ്ഥാപനങ്ങൾക്ക് നികുതി ഉൾപ്പെടെ 7,90,140/- (ഏഴു ലക്ഷത്തി തൊണ്ണൂറായിരത്തി ഒരുനൂറ്റി നാൽപതു രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിലെ '22-355-13 അഡ്വെർടൈസ്മെൻറ് ചാർജ്സ്" എന്ന ശീർഷകത്തിൽ വകയിരുത്തി നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 54/25.03/11353/CDOE 1-1/2024** Tata Consultancy Services Limited, Mumbai **യിൽ നിന്നും സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനായി** "Fully Integrated Student Life Cycle Management System" **സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത വകയിൽ കരാർ പ്രകാരം രണ്ടാം ഗഡു തുക നൽകുന്നതിനുള്ള - അനുമതി- സംബന്ധിച്ച്.**

Tata Consultancy Services Limited, Mumbai യിൽ നിന്നും സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷനായി 'Fully Integrated Student Life Cycle Management System' സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്ത വകയിൽ രണ്ടാം ഗഡു തുകയായി 40,00,000/- ന്റെ 25% തുകയായ (10,00,000/- യും + 18 % GST ഉൾപ്പടെ 11,80,000/- (പതിനൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ '22 355 09 a - Technical Services' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തികൊണ്ട് അനുവദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 55/25.03/60/AD A3-4/2025** **TA തുക അനുവദിക്കുന്നതിനുള്ള monthly/quarterly പരിധിയിൽ നിന്നും ഒഴിവാക്കി സർവ്വകലാശാലയുടെ പരീക്ഷ സംബന്ധിയായ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന എല്ലാ ദിവസങ്ങൾക്കുമുള്ള അനുവദനീയമായ TA തുക അനുവദിച്ച നൽകണമെന്ന സർവ്വകലാശാല ഡ്രൈവർ ആയ അമൽ സന്തോഷിന്റെ അപേക്ഷ സംബന്ധിച്ച്:-**

പരീക്ഷ സംബന്ധമായ ജോലികൾക്കായി സർവ്വകലാശാല വാഹനത്തിൽ യാത്ര ചെയ്യുന്ന ക്ലറിക്കൽ അസ്സിസ്റ്റന്റ്മാർക്ക് TA തുക അനുവദിക്കുന്നതിനുള്ള monthly/quarterly പരിധിയിൽ നിന്നും ഒഴിവാക്കി

സർവകലാശാലയുടെ പരീക്ഷാ സംബന്ധിയായ ആവശ്യങ്ങൾക്കായി യാത്ര ചെയ്യുന്ന എല്ലാ ദിവസങ്ങൾക്കുമുള്ള അനുവദനീയമായ TA തുക അനുവദിച്ചുനല്കിക്കൊണ്ട് 28.01.2025 തീയതിയിൽ പുറപ്പെടുവിച്ച സ.ഉ. നം. 896/AD A3/2025/എം.ജി.യു-ന്റെ പരിധിയിൽ ക്ലറിക്കൽ അസിസ്റ്റന്റുമാരോടൊപ്പം ജോലി ചെയ്യുകയും അവരെ ജോലിയിൽ സഹായിക്കുകയും വാഹനം ഓടിക്കുകയും ചെയ്യുന്ന ജീവനക്കാരൻ എന്ന നിലയിൽ EN 1 സെക്ഷനിൽ ജോലി ചെയ്യുന്ന സർവ്വകലാശാലയുടെ സ്ഥിരം ഡ്രൈവറായ ശ്രീ. അമൽ സന്തോഷിനെയും ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 56/25.03/21028/P&D 2-2/2024** | **സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.സുബില കെ.ബി പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ആയിട്ടുള്ള "Design and development of low cost synthetic strategies and Investigation of defect tolerance properties of inorganic semiconductors for semiconductor sensitized solar cell (SSSc) applications" എന്ന SERB റിസർച്ച് പ്രോജക്ടുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുള്ള ഓവർഹെഡ് തുകയായ 1,58,240/- രൂപ (ഒരു ലക്ഷത്തി അമ്പത്തെണ്ണായിരത്തി ഇരുന്നൂറ്റി നാൽപത് രൂപ മാത്രം) പ്രോജക്ടിന്റെ ആവശ്യത്തിനായി അനുവദിക്കണമെന്ന ടിയാളുടെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച് :-** |

DST SERB പ്രോജക്ടിന്റെ ഭാഗമായി സർവ്വകലാശാല നിലനിർത്തിയ ഓവർഹെഡ് തുകയായ 1,58,240/- രൂപ (ഒരു ലക്ഷത്തി അമ്പത്തെണ്ണായിരത്തി ഇരുന്നൂറ്റി നാൽപത് രൂപ മാത്രം) പ്രോജക്ട് ആവശ്യത്തിനായി അനുവദിക്കണമെന്ന പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററുടെ അപേക്ഷ നിരസിക്കുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 57/25.03/8423/AD A9-2/2025** | **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ്- 2023 -24 വർഷത്തെ ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ടൂർണമെന്റുകളിൽ ഒന്ന് ,രണ്ട് ,മൂന്ന് സ്ഥാനങ്ങൾ നേടിയ വിദ്യാർത്ഥികൾക്കും കോച്ച് / മാനേജർ മാർക്കും ക്യാഷ് അവാർഡ് നൽകുന്നതിനായി തുക അനുവദിക്കുന്നത് -സംബന്ധിച്ച്** |

സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസ് ഡയറക്ടറായ ഡോ. ബിനു ജോർജ് വർഗ്ഗീസിന്റെ പേരിൽ സ്പോർട്സ് മെറിറ്റ് അവാർഡ് നൽകുന്നതിനായി താൽക്കാലിക മുൻകൂർ തുകയായി 9,00,000/- രൂപ (ഒൻപത് ലക്ഷം രൂപ), ചെലവ് അധികരിച്ചാൽ അധികരിച്ച് ചെലവഴിക്കുന്ന തുക തിരികെ നൽകുന്നതല്ല എന്ന നിബന്ധനയോടുകൂടിയും താൽക്കാലിക മുൻകൂർ തുകയുടെ വിനിയോഗം സംബന്ധിച്ച സർവ്വകലാശാല സർക്കുലർ നം. 2434/AD A9 SO/2024/ADA9 തീയതി 28/02/2024 ലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചുകൊണ്ടും ' 24 801 27 - Provisional Advance ' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി അനുവദിച്ചുനൽകുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 58/25.03/100112/AC A1-2/2024** | **ക്യാൻസർ കവറേജ് കൂടി ഉൾപ്പെടുത്തി സ്റ്റുഡൻറ് സേഫ്റ്റി ഇൻഷുറൻസ് പ്രീമിയം 2025-2026 അധ്യയന വർഷം മുതൽ 100/- രൂപ നിരക്കിൽ വർദ്ധിപ്പിച്ചു പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സംബന്ധിച്ച് :-** |

2025-26 അദ്ധ്യയനവർഷം മുതൽ സ്റ്റുഡന്റ്സ് സേഫ്റ്റി ഇൻഷുറൻസിന്റെ പരിധിയിൽ ക്യാൻസർ കവറേജ് കൂടി ഉൾപ്പെടുത്തുന്നതിനും ആയതിന്റെ പ്രീമിയം തുക 100 രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| **ഇനംനമ്പർ 59/25.03/158280/AD A5-4/2023** | **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ജനുവരി 31 മുതൽ ഫെബ്രുവരി 2 (പുനഃനിശ്ചയിച്ച തീയതി) വരെ തിരുവല്ല ഡി ബി പമ്പ കോളേജിൽ വച്ച് 'നാടകോത്സവം - 2024 ' സംഘടിപ്പിച്ച വകയിൽ ചിലവഴിച്ച തുകയുമായി ബന്ധപ്പെട്ട ധനകാര്യവിഭാഗത്തിന്റെ ശിപാർശകൾ - സംബന്ധിച്ച് :-** |

1. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യൂണിയൻ (2022-'23) ന്റെ നേതൃത്വത്തിൽ 2024 ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ തിരുവല്ല ഡി ബി പമ്പ കോളേജിൽ വച്ച് 'നാടകോത്സവം-2024' സംഘടിപ്പിച്ച വകയിൽ ആകെ ചെലവായ 8,69,205/- (എട്ട് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഇരുനൂറ്റി അഞ്ച് രൂപ മാത്രം) അംഗീകരിക്കുന്നതിനും
2. ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച 2,69,205/- (രണ്ട് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി ഇരുനൂറ്റി അഞ്ച് രൂപ മാത്രം) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 85,882/ - (എൺപത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 1,83,323/- (ഒരു ലക്ഷത്തി എൺപത്തി മൂവായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) രൂപ തിരികെ നൽകുന്നതിനും
3. പരിപാടിയുടെ ചെലവിലേക്കായി അനുവദിച്ച തുകയുടെ ഇരുപത്തിയഞ്ചു ശതമാനമായ 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) തിരികെ നൽകുന്നതിനും
4. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ഡി.എസ്.എസ് വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 6,00,000/- രൂപ (ആറു ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 22 402 61 (a) - University Union Activities എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 60/25.03/100186/AD A5-4/2024** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റ് 22 ന തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് ബഡ്ജറ്റ് - 2024 എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റ് 22-ന് തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് ബഡ്ജറ്റ്-2024 എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച തുകയായ 3,800/- (മൂവായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 1,424/- (ആയിരത്തി നാന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 2,376/- രൂപ (രണ്ടായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 61/25.03/100163/AD A5-4/2024** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022 - 23) ന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റ് 24 ന തിരുവല്ല മാർത്തോമ കോളേജിൽ വച്ച് ബഡ്ജറ്റ് - 2024 എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റ് 24-ന് തിരുവല്ല മാർത്തോമ കോളേജിൽ വച്ച് ബഡ്ജറ്റ്-2024 എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച തുകയായ 3,700/- (മൂവായിരത്തി എഴുന്നൂറ് രൂപ മാത്രം) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 1,424/- (ആയിരത്തി നാന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 2,276/- രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 62/25.03/114742/AD A5-4/2023** **മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയൻ (2022 -23) ന്റെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 12,13,14,15 തീയതികളിൽ, അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2023 സെപ്റ്റംബർ 12,13,14,15 തീയതികളിൽ, അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച തുകയായ 18,400/- (പതിനെട്ടായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 17,422/- (പതിനേഴായിരത്തി നാന്നൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 978/- (തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) രൂപ തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 63/25.03/93427/AD A5-4/2023** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ സമാപനയോഗം 2025 ജനുവരി 16 ന് (പുനഃനിശ്ചയിച്ച തീയതി) പത്തനംതിട്ട കോഴഞ്ചേരി സെന്റ്. തോമസ് കോളേജിൽ സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23 ) ന്റെ സമാപനയോഗം 2025 ജനുവരി 16 ന് പത്തനംതിട്ട കോഴഞ്ചേരി സെന്റ്. തോമസ് കോളേജിൽ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച 27,974/- (ഇരുപത്തി ഏഴായിരത്തി തൊള്ളായിരത്തി എഴുപത്തി നാല് രൂപ മാത്രം ) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 18,789/- (പതിനെട്ടായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 9,185/- (ഒൻപതിനായിരത്തി ഒരുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) രൂപ തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 64/25.03/138320/AD A5-4/2024** **മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ (2023-'24) ന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 4-നു (പുനഃനിശ്ചയിച്ച തീയതി) നാട്ടകം ഗവൺമെൻറ് കോളേജിൽ (പുനഃനിശ്ചയിച്ച വേദി) വച്ച് യൂണിയൻ ഉദ്ഘാടന ചടങ്ങ് സംഘടിപ്പിച്ചത് - അധികരിച്ച് ചെലവഴിച്ച തുക സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ (2023-'24) ന്റെ നേതൃത്വത്തിൽ 2025 ഫെബ്രുവരി 4-നു നാട്ടകം ഗവൺമെൻറ് കോളേജിൽ വച്ച് യൂണിയൻ ഉദ്ഘാടന ചടങ്ങ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച തുകയായ 1,400/- (ആയിരത്തി നാന്നൂറ് രൂപ മാത്രം) രൂപ തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 65/25.03/140725/ADA5 SO/2023** **മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് യൂണിയൻ (2023 - 2024 ) ന്റെ ആഭിമുഖ്യത്തിൽ, മാഗസിൻ പ്രവർത്തനങ്ങൾക്കായി ₹72,000/- (എഴുപത്തി രണ്ടായിരം രൂപ മാത്രം) രൂപ ഡി.എസ്.എസ്. വകുപ്പ് മേധാവിയുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക മുൻകൂറായി അനുവദിച്ചത് കൂടാതെ അധികരിച്ച് ചെലവഴിച്ച ₹48,000/- (നാല്പത്തി എട്ടായിരം രൂപ മാത്രം ) തിരികെ നൽകുന്നതിന്റെ തീരുമാനം സംബന്ധിച്ച് :-**

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് യൂണിയൻ (2023 - 2024 ) ന്റെ ആഭിമുഖ്യത്തിൽ, മാഗസിൻ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച 48,000/- രൂപ (നാല്പത്തി എട്ടായിരം രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 66/25.03/67041/AD A5-4/2024** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ജൂൺ 25,26,27 എന്നീ തീയതികളിൽ എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് കലാജാഥ സംഘടിപ്പിച്ചത് - അധികരിച്ച ചിലവഴിച്ച തുക സംബന്ധിച്ച് :**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2022-23) ന്റെ നേതൃത്വത്തിൽ 2024 ജൂൺ 25, 26, 27 എന്നീ തീയതികളിൽ എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് കലാജാഥ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവഴിച്ച തുകയായ 26,800/- (ഇരുപത്തി ആറായിരത്തി എണ്ണൂറ് രൂപ മാത്രം ) രൂപയിൽ നിന്നും പിഴ പലിശ ഇനത്തിലുള്ള 22,562/- (ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) രൂപ കിഴിവ് ചെയ്തതിന് ശേഷമുള്ള തുകയായ 4,238/- രൂപ (നാലായിരത്തി ഇരുന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 67/25.03/74246/ADA9 SO/2024** **സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ ഫാക്കൽറ്റി റൂമിലേയ്ക്ക് AC, കമ്പ്യൂട്ടർ ടേബിൾ തുടങ്ങി വിവിധ സാധനങ്ങൾ വാങ്ങുന്നതിനായി വകുപ്പ് മേധാവി ഡോ. അഭിലാഷ് ബാബുവിന്റെ പേരിൽ അനുവദിച്ച മുൻകൂർ തുക ക്രമപ്പെടുത്തുന്നത് – പിഴപ്പലിശ ഈടാക്കുന്നത് – സംബന്ധിച്ച്**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ ഫാക്കൽറ്റി റൂമിലേയ്ക്ക് AC ,കമ്പ്യൂട്ടർ ടേബിൾ തുടങ്ങി വിവിധ സാധനങ്ങൾ വാങ്ങുന്നതിനായി വകുപ്പ് മേധാവി ഡോ. അഭിലാഷ് ബാബുവിന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിച്ച 1,75,000/- രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) താഴെപ്പറയുന്ന പ്രകാരം ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.
1. പ്രസ്തുത പ്രവൃത്തിക്കായി ആകെ ചെലവഴിച്ച തുകയായ 1,98,615/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അറുനൂറ്റി പതിനഞ്ച് രൂപ മാത്രം ) അംഗീകരിക്കുന്നതിനും
2. മുൻകൂർ തുക ക്രമപ്പെടുത്തുന്നതിൽ മനഃപൂർവ്വമല്ലാത്ത 4 ദിവസത്തെ കാലതാമസം മാപ്പാക്കി പിഴപ്പലിശയായ 10,230/- രൂപ (പതിനായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ മാത്രം) അടക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കുന്നതിനും
3. അധികരിച്ച് ചെലവാക്കിയ തുകയായ 23,615/- രൂപ (ഇരുപത്തി മൂവായിരത്തി അറുനൂറ്റി പതിനഞ്ച് രൂപ മാത്രം) അംഗീകരിച്ച് തിരികെ നൽകുന്നതിനും
4. ടിയാന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട 1,75,000/- രൂപ (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ സർവകലാശാല ബജറ്റിലെ 21 309 06 –Office Equipment എന്ന ശീർഷകത്തിൽ വകയിരുത്തി ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 68/25.03/20674/AC A1-2/2025** **സർവകലാശാല പഠന വകുപ്പുകളിൽ മാഗസിൻ ഫീസും ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ് യൂണിയൻ ഫീസും ഏകീകരിക്കുന്നതും വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച്**

മാഗസിൻ ഫീസും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ് യൂണിയൻഫീസും ഏകീകരിക്കുന്നതിനും വർധിപ്പിക്കുന്നതിനുമായിട്ടുള്ള ഫിനാൻസ് ഓഫീസറുടെ ശുപാർശ പരിഗണിച്ച് ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ് യൂണിയൻ ഫണ്ടിലേക്ക് ഒരു വിദ്യാർഥിയിൽ നിന്നും 200/- രൂപയും മാഗസിൻ ഫണ്ടിലേക്ക് 50/- രൂപയും എല്ലാ ഡിപ്പാർട്ട്മെന്റുകളിലും ഏകീകരിച്ചു കൊണ്ട് 2025-26 അധ്യയന വർഷം മുതൽ ശേഖരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 69/25.03/19409/DSS SO/2025** **ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസുമായി ബന്ധപ്പെട്ട വിവിധ വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച ശിപാർശകൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പികുന്നത് – സംബന്ധിച്ച്.-**

ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസുമായി ബന്ധപ്പെട്ട വിവിധ വിദ്യാർത്ഥി ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥി യൂണിയൻ പ്രതിനിധികളുമായി വൈസ് ചാൻസലറുടെ ചേബറിൽ 18.12.2024- ന് ചേർന്ന യോഗത്തിലെ ശുപാർശകളിന്മേൽ ഫിനാൻസ് ഓഫീസറുടെ അഭിപ്രായം വാങ്ങിയതിനുശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 70/25.03/45040/Ad A 3/3/2024** **2024 വർഷത്തെ CAT പരീക്ഷകളുടെ നടത്തിപ്പ് ചെലവിലേക്കായി താത്കാലിക മുൻകൂർ തുക 8,00,000/- (എട്ടു ലക്ഷം രൂപ മാത്രം) എ സി ബി 6 സെക്ഷൻ ഓഫീസർ ശ്രീ. ഗിരീഷ് മാധവൻ (PEN:2594)-ന്റെ പേരിൽ അനുവദിച്ചത് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്-**

2024 വർഷത്തെ CAT പരീക്ഷകളുടെ നടത്തിപ്പ് ചെലവിലേക്കായി എ സി ബി 6 സെക്ഷൻ ഓഫീസറായ ശ്രീ. ഗിരീഷ് മാധവന്റെ പേരിൽ താൽക്കാലിക മുൻകൂർ തുകയായി അനുവദിച്ച 8,00,000/- (എട്ടു ലക്ഷം രൂപ മാത്രം) താഴെപ്പറയുന്ന പ്രകാരം ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.
1.MGU CAT 2024 പരീക്ഷകളുടെ നടത്തിപ്പിന് ചെലവായ തുക 4,18,926/- രൂപ (നാലു ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്താറ് രൂപ മാത്രം) അംഗീകരിക്കുന്നതിനും
2.ചെലവഴിക്കാത്ത ബാക്കി തുക 3,81,074/- (മൂന്നു ലക്ഷത്തി എൺപത്തൊന്നായിരത്തി എഴുപത്തിനാല് രൂപ മാത്രം) രൂപയും ബാങ്ക്പലിശ ഇനത്തിൽ 710- (എഴുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയും ചേർത്ത് 3,81,784/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തൊന്നായിരത്തി എഴുന്നൂറ്റി എൺപത്തി നാല് രൂപ മാത്രം) സർവകലാശാല ഫണ്ടിൽ തിരിച്ചടച്ചിട്ടുള്ളത് അംഗീകരിക്കുന്നതിനും
3.മേൽ പരീക്ഷയുടെ നടത്തിപ്പ് ചെലവിലേക്കായി എസി ബി 6 സെക്ഷൻ ഓഫീസർ ശ്രീ. ഗിരീഷ്

മാധവൻ-ന്റെ  പേരിൽ അനുവദിച്ച താത്കാലിക മുൻകൂർ തുക 8,00,000/- രൂപ (എട്ടു ലക്ഷം രൂപ മാത്രം) സർവ്വകലാശാലയുടെ നടപ്പ സാമ്പത്തിക വർഷ ബജറ്റിലെ "21 101 14 d - Online Examination for CAT "എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തി ക്രമപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 71/25.03/19714/ADA9 SO/2025**

**മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയന്റെ ഓണാഘോഷ പരിപാടി "ക്യാമ്പസ് ഓണം 2024" നടത്തുന്നതിനായി ഡോ. ബിജു എം കെ (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ്) യുടെ പേരിൽ മുൻകൂർ തുക ക്രമപ്പെടുത്തുന്നത് - പിഴപ്പലിശ - സംബന്ധിച്ച്**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയന്റെ ഓണാഘോഷ പരിപാടി 'ക്യാമ്പസ് ഓണം 2024' നടത്തുന്നതിനായി ഡോ. ബിജു എം കെ (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ്) യുടെ പേരിൽ മുൻകൂർ തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിച്ച് ചെലവായ 17,250/- രൂപയിൽ നിന്നും പിഴപലിശ ഇനത്തിലുള്ള 2,160/- രൂപ കുറവ് ചെയ്തതിനുശേഷം ബാക്കിയുള്ള 15,090/- (പതിനയ്യായിരത്തി തൊണ്ണൂറുരൂപ മാത്രം) രൂപ തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 72/25.03/9169/EB OQPM-1-1/2021**

**MGU-UGP (Honours) -ഒന്നാം സെമസ്റ്റർ പരീക്ഷ - ചോദ്യബാങ്ക് തയ്യാറാക്കിയ അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നത് - സംബന്ധിച്ച്.**

MGU - UGP (Honours) ഒന്നാം സെമസ്റ്റർ ചോദ്യ ബാങ്കുകളിൽ ചോദ്യങ്ങൾ തയ്യാറാക്കിയ അദ്ധ്യാപകർക്ക് ചോദ്യത്തിന്റെ എണ്ണത്തിന് ആനുപാതികമായി ഒരു ചോദ്യത്തിന് Rs. 10/- (പത്ത് രൂപ) എന്ന നിരക്കിൽ പ്രതിഫലം നൽകുന്ന രീതിയിൽ  സർവകലാശാലാ ഉത്തരവ് നം. 179/EBOQPM-1/2024/എം.ജി.യു. തീയതി 06.01.2024 പരിഷ്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 73/25.03/14465/EI32 SO/2025**

**MANGALAM SCHOOL OF ARCHITECTURE AND PLANNING-2021 അഡ്മിഷൻ B ARCH വിദ്യാർത്ഥിയായ SYAM S P (PRN-213241910498)-ന്റെ ആറാം സെമസ്റ്റർ ആഗസ്റ്റ് 2024 പരീക്ഷയിലെ Architectural Design (19AR06001)-എന്ന വിഷയത്തിന്റെ INTERNAL MARK എൻട്രി നടത്തിയതിൽ കോളേജിന് സംഭവിച്ച പിഴവ് തിരുത്തുന്നത് സംബന്ധിച്ച്.**

MANGALAM SCHOOL OF ARCHITECTURE AND PLANNING-ൽ നിന്നും 5000/- (അയ്യായിരം രൂപ മാത്രം) രൂപ പിഴ ഈടാക്കി 2021 അഡ്മിഷൻ B ARCH വിദ്യാർത്ഥിയായ SYAM S P (PRN-213241910498)-യുടെ ആറാം സെമസ്റ്റർ ആഗസ്റ്റ് 2024 പരീക്ഷയിലെ Architectural Design (19AR06001)-എന്ന വിഷയത്തിന്റെ ഇന്റേണൽ മാർക്കിലെ തെറ്റ് തിരുത്തി ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 74/25.03/8632/EI32 SO/2025**

**KMEA COLLEGE OF ARCHITECTURE ലെ III SEMESTER B ARCH MARCH 2023 (2021 Admission regular) പരീക്ഷയിൽ 19 AR 03008(A)-Elective workshop-1-Photography എന്ന വിഷയത്തിന്റെ EXTERNAL JURY MARK ൽ സംഭവിച്ച പിഴവ് സംബന്ധിച്ച്.**

KMEA COLLEGE OF ARCHITECTURE കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് Rs.2500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്ന നിരക്കിൽ പിഴ ഈടാക്കി  III SEMESTER B ARCH MARCH 2023 (2021 Admission regular) പരീക്ഷയിൽ  19 AR 03008(A)-Elective workshop-1-Photography എന്ന വിഷയത്തിന്റെ എക്സ്റ്റേണൽ ജൂറി മാർക്കിൽ സംഭവിച്ച പിഴവ് തിരുത്തി ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 75/25.03/81570/EI 29-3/2024**

**ശ്രീനാരായണ ലോ കോളേജിൽ നിന്നും വൈകി ലഭിച്ച ഇന്റേണൽ റീ-ഡൂ മാർക്കുകൾ സ്വീകരിക്കുന്നത് സംബന്ധിച്ച്:-**

ഇന്റേണൽ മാർക്ക് സർവ്വകലാശാലയിൽ സമർപ്പിക്കുവാൻ വീഴ്ചവരുത്തുന്ന കോളേജുകൾക്കുള്ള പിഴയുടെ അതേനിരക്കിൽ  ഇന്റേണൽ റീ-ഡൂ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന കോളേജുകൾക്കും പിഴ

ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു. മേൽ പ്രകാരം ശ്രീനാരായണ ലോ കോളേജിൽ നിന്നും പിഴ ഈടാക്കി ഫലം പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 76/25.03/112967/CBCSS 29-1/202** **മുരിക്കാശ്ശേരി, മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ബി.സി.എ വിദ്യാർത്ഥികളായ ALBIN GEORGE (PRN-220021087458), ALBIN GEORGE, (PRN- 220021087459) എന്നിവരുടെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ internal മാർക്കുകൾ പരസ്പരം മാറിപ്പോയത്- പിഴയായി ഈടാക്കേണ്ട തുക സംബന്ധിച്ച്.**

മുരിക്കാശ്ശേരി, മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നിന്നും Rs.5000/- (അയ്യായിരം രൂപ മാത്രം) പിഴ ഈടാക്കി ബി.സി.എ വിദ്യാർത്ഥികളായ ALBIN GEORGE (PRN-220021087458), ALBIN GEORGE (PRN- 220021087459) എന്നിവരുടെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ ഇന്റേണൽ മാർക്കുകളിലെ തെറ്റ് തിരുത്തി ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 77/25.03/88289/EG 3-3/2024** **ബി.കോം. (പ്രൈവറ്റ്) - St. Aloysius College, Edathua പരീക്ഷാ കേന്ദ്രമായി B.Com Model 1 - Co-Operation രജിസ്റ്റർ ചെയ്ത Rony Joseph (PRN: 180050045908) എന്ന വിദ്യാർത്ഥിയുടെ B.Com. CBCS Fifth Semester October 2023 പരീക്ഷയിലെ Financial Management കോഴ്സിന്റെ സർവ്വകലാശാലയിൽ സമർപ്പിച്ച പുനർമൂല്യനിർണ്ണയ മെമ്മോയിലെ മാർക്ക് വ്യത്യാസം - ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം) സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്-**

സർവ്വകലാശാല ഉത്തരവ് നം.829/EG3/2025/MGU തീയതി 27.01.2025 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 78/25.03/106966/EI 33-3/2024** **ബാർ കൗൺസിൽ ഓഫ് ഇന്ത്യ - എൽ.എൽ.ബി ബിരുദ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധന - ഫീസ് ഈടാക്കാതെ പരിശോധിച്ച് നൽകണമെന്ന് ലഭിച്ച അപേക്ഷ - തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് :-**

സുപ്രീംകോടതി അഡ്വക്കേറ്റ് ഓൺ റെക്കോർഡ് നിയമോപദേശത്തിലൂടെ അറിയിച്ചത് പ്രകാരം സുപ്രീംകോടതി വിധിന്യായം അനുസരിച്ച് ബാർ കൗൺസിലിൽ നിന്നും അഭിഭാഷകരുടെ എൽ.എൽ.ബി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഫീസ് ഈടാക്കാതെ സർട്ടിഫിക്കറ്റുകളുടെ പരിശോധനാ റിപ്പോർട്ട് നല്കുന്നതിനും, നിലവിലെ കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 79/25.03/111396/EH 8-3/2024** **കാലടി ശ്രീശങ്കരാ കോളേജിൽ എം എ ഇക്കണോമിക്സ് വിദ്യാർഥിനിയായിരുന്ന Dilna P Varghese (PRN 160011001532)-ന് 2020 മെയ് മാസം നടന്ന നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ Dissertation Cum-Viva കോഴ്സിന്റെ Internal വിജയിക്കാതെ തന്നെ passed എന്ന് രേഖപ്പെടുത്തിയ ഗ്രേഡ് കാർഡ് നൽകിയത് സംബന്ധിച്ച് :-**

കാലടി ശ്രീശങ്കരാ കോളേജിൽ എം എ ഇക്കണോമിക്സ് വിദ്യാർഥിനിയായിരുന്ന Dilna P Varghese (PRN 160011001532)-ന് 2020 മെയ് മാസം നടന്ന നാലാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷയിൽ Dissertation Cum-Viva കോഴ്സിന്റെ Internal വിജയിക്കാതെ തന്നെ സർവ്വകലാശാലയുടെ സാങ്കേതിക പിഴവുമൂലം passed എന്ന് തെറ്റായി രേഖപ്പെടുത്തി നൽകിയ ഗ്രേഡ് കാർഡ് തിരികെ വാങ്ങുന്നതിനും നിലവിൽ വിജയിച്ചിട്ടുള്ള internal re-do മാർക്ക് അംഗീകരിക്കുന്നതിനും നിലവിലുള്ള ഫീസ് ഈടാക്കി Dissertation Cum-Viva കോഴ്സിന് സ്പെഷ്യൽ പരീക്ഷ നടത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 80/25.03/114111/CSS 2-1/2024** — **മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ പഠനവകുപ്പായ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2023 അഡ്മിഷൻ M.Ed. പ്രോഗ്രാമിന്റെ 2024 മാർച്ച് മാസം നടന്ന ഒന്നാം സെമസ്റ്റർ പരീക്ഷയിൽ GISA MERIN VARGHESE (PRN:112343) എന്ന വിദ്യാർത്ഥിനിയുടെ ഇന്റേണൽ മാർക്ക് കൂട്ടിയതിൽ പിശക് ഉണ്ടായ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

ടി വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. എ.എസ്. സുമേഷ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 81/25.03/141927/CBCSS 23-3/2024** — **മാറമ്പള്ളി എം ഇ എസ് കോളേജിലെ 2014 അഡ്മിഷൻ ബി എ അറബിക് മോഡൽ II വിദ്യാർത്ഥി മുഹമ്മദ് ഫസലു റഹ്മാൻ പി . എ. (PRN-140021067560) - ആറാം സെമസ്റ്റർ ജനുവരി 2024 പരീക്ഷയുടെ പരീക്ഷ രജിസ്ട്രേഷൻ കറക്ഷനും ഇൻറ്റേണൽ റീഡൂ മാർക്ക് എൻട്രിക്കും ഉള്ള അപേക്ഷ സംബന്ധിച്ച് .**

ടി വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. രതീഷ് പി.ബി., ശ്രീ. ഹരികൃഷ്ണൻ പി. എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 82/25.03/109071/EI 32-3/2024** — **KMEA College of Architecture -ലെ 2016 അഡ്മിഷൻ B Arch വിദ്യാർത്ഥിയായ Saivarsha B (PRN : 16053062) യുടെ Dissertation- ൽ Miria Rose Jacob ന്റെ Thesis work ലെ ചില ഭാഗങ്ങൾ ഉൾപ്പെടുത്തിയതിനെ സംബന്ധിച്ച്.**

KMEA College of Architecture ലെ 2016 അഡ്മിഷൻ B Arch വിദ്യാർത്ഥി Saivarsha B (PRN : 16053062) സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-എക്സാം മുൻപാകെ നേരിട്ട് ഹാജരായി വിശദീകരണം നൽകുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 83/25.03/Ad AIX/1/3175/2006/Admn** — **ശ്രീ. രാജേഷ് ഇ (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്) - മൂല്യനിർണ്ണയത്തിനായി നൽകിയ ഉത്തരക്കടലാസുകൾ തിരികെ നൽകാത്തത് - വിശദീകരണം, മറുപടി സംബന്ധിച്ച് - സിൻഡിക്കേറ്റ് അംഗം ഡോ. ജോജി അലക്സ് സമർപ്പിച്ച റിപ്പോർട്ട് - സംബന്ധിച്ച്.**

സ.ഉ.നം.11440/ADA9/2024/MGU തീയതി 17.12.2024 പ്രകാരം രൂപീകൃതമായ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 84/25.03/82959/CBCSS 11-2/2020** — **കാക്കനാട് രാജഗിരി കോളേജ് ഓഫ് മാനേജ്മെൻറ് & അപ്ലൈഡ് സയൻസസിലെ B.Com Model I (Computer Applications ) 2012 -2015 ബാച്ചിലെ Sabeena S S (PRN : 12103430) എന്ന വിദ്യാർത്ഥിയുടെ 31/10/2019 തീയതിയിൽ കോളേജിൽ വച്ച് നടന്ന അഞ്ചാം സെമസ്റ്റർ Internal Practical (Prior to 2013 Admission Supplementary/Improvement/Mercy Chance Examination Sept/Oct 2019) പരീക്ഷയുടെ മാർക്ക് പരിഗണിക്കുന്നത് സംബന്ധിച്ച് :-**

കാക്കനാട് രാജഗിരി കോളേജ് ഓഫ് മാനേജ്മെൻറ് & അപ്ലൈഡ് സയൻസസിലെ B.Com Model I (Computer Applications ) 2012 -2015 ബാച്ചിലെ Sabeena S S (PRN : 12103430) എന്ന വിദ്യാർത്ഥിയുടെ 31/10/2019 തീയതിയിൽ കോളേജിൽ വച്ച് നടന്ന അഞ്ചാം സെമസ്റ്റർ Internal Practical (Prior to 2013

Admission Supplementary/ Improvement/ Mercy Chance Examination Sept/Oct 2019) പരീക്ഷയുടെ മാർക്ക് അംഗീകരിച്ച് ഫലം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 85/25.03/138243/CBCSS 8-2/2024** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ 2022 അഡ്മിഷൻ CBCS BSc BT&SP മോഡൽ-III ബിരുദ വിദ്യാർത്ഥി RINSHA MUMTHAS P N (PRN:220021037843)ൻറെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ ഇന്റേണൽ മാർക്കിൽ വന്ന അപാകത പരിഹരിച്ച് പരീക്ഷാഫലം പുനഃപ്രസിദ്ധികരിക്കുന്നത് സംബന്ധിച്ച്.**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ 2022 അഡ്മിഷൻ CBCS BSc BT&SP മോഡൽ-III ബിരുദ വിദ്യാർത്ഥി RINSHA MUMTHAS P N (PRN:220021037843)ന്റെ നാലാം സെമസ്റ്റർ ഏപ്രിൽ 2024 പരീക്ഷയിലെ ZY4CRT04 - Research Methodology, Biophysics and Biostatistics എന്ന വിഷയത്തിന് ഇന്റേണൽ മാർക്ക് താഴെ പട്ടിക പ്രകാരം പോർട്ടലിൽ രേഖപ്പെടുത്തി പോസ്റ്റ് റിസൾട്ട് കറക്ഷനിലൂടെ പുനഃപ്രസിദ്ധികരിക്കുന്നതിനും ആയതിന്റെ കറക്ഷൻ ഫീസ് കോളേജിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചു.

| Subject | ZY4CRT04 - Research Methodology, Biphysics and Bio-statistics |
|---|---|
| Internal Mark - Before Correction | 04 |
| Internal Mark - After Correction | 05 |
| External Mark | 41 |
| Total marks after PRC | 46 |
| Course and semester Result after PRC | PASSED |

**ഇനംനമ്പർ 86/25.03/81573/EB 6-2/2024** **LLM ഡിഗ്രി പ്രോഗ്രാമിന്റെ റെഗുലേഷൻ പരിഷ്ക്കരിക്കുന്നത്-സംബന്ധിച്ച്-**

അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 87/25.03/140265/CBCSS 8-2/2024** **ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ 2018 അഡ്മിഷൻ CBCS BSc Physics മോഡൽ I ബിരുദ വിദ്യാർത്ഥി SOURAV P MOHAN (PRN:180021040305)-ന്റെ മൂന്നാം സെമസ്റ്റർ ഫെബ്രുവരി 2021 സപ്ലിമെന്ററി പരീക്ഷയിൽ INTERNAL REDO ചെയ്ത വിഷയങ്ങളുടെ മാർക്ക് ഉൾപ്പെടുത്തി പരീക്ഷ ഫലം പുനഃപ്രസിദ്ധികരിക്കുന്നത് സംബന്ധിച്ച്.**

ആലുവ, യൂണിയൻ ക്രിസ്ത്യൻ കോളേജിലെ 2018 അഡ്മിഷൻ CBCS BSc Physics മോഡൽ I ബിരുദ വിദ്യാർത്ഥി SOURAV P MOHAN (PRN:180021040305)-ന്റെ 2021 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷാഫലത്തിൽ INTERNAL REDO മാർക്ക് ഉൾപ്പെടുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 88/25.03/114978/CBCSS 14-2/2024** **NCC PRE IDSSC ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്ത ഉത്തരവ് ലഭിച്ചത് സിൻഡിക്കേറ്റ് മുൻപാകെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്.**

CATHOLICATE COLLEGE, PATHANAMTHITTA-യിലെ 2022 ADMISSION B A MALAYALAM MODEL I വിദ്യാർത്ഥിയായ NIKHILDAS R (220021008561) ന് ഇപ്പോൾ നടക്കുന്ന നാലാം സെമസ്റ്റർ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിക്കുന്നതിനാൽ സ്പെഷ്യൽ പരീക്ഷ നടത്തുവാനുള്ള അപേക്ഷ നിരസിക്കുന്നതിനും ടി അവസരം ആദ്യ ചാൻസായി പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 89/25.03/95507/AC B7-2/2024** **മൂവാറ്റുപുഴ നിർമലാ സ്വയംഭരണ കോളേജ് സമർപ്പിച്ച പരീക്ഷാ മാനുവൽ പരിഗണിക്കുന്നത് സംബന്ധിച്ച്.**

പരീക്ഷാ കൺട്രോളറുടേയും അക്കാദമിക് ലെജിസ്ലേഷൻ വിഭാഗത്തിന്റെയും അഭിപ്രായപ്രകാരം പ്രസ്തുത കലാലയത്തിന്റെ പരീക്ഷാ മാന്വലിലെ അദ്ധ്യായം 3, 11 എന്നിവയിലെ വ്യവസ്ഥകൾ സർവ്വകലാശാലാ പരീക്ഷാ മാന്വലിലെ വ്യവസ്ഥകൾക്ക് തുല്യമായി പരിഷ്കരിക്കുന്നതിനും, സർവ്വകലാശാലാ പരീക്ഷാ മാന്വൽ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ പ്രസ്തുത കലാലയത്തിലെ പരീക്ഷാ മാന്വലിലെ അദ്ധ്യായം 2-ലെ ഇവാല്വേഷൻ, മാർക്ക്/ഗ്രേഡിംഗ് സിസ്റ്റം തുടങ്ങിയവ പരീക്ഷാ മാന്വലിൽ ഉൾപെടുത്തേണ്ടതില്ല എന്നതിനാലും പ്രസ്തുത വിഷയങ്ങൾ ഓരോ പ്രോഗ്രാമിന്റേയും റഗുലേഷനുകളിലാണ് ഉൾപ്പെടുത്തേണ്ടത് എന്നതിനാലും അദ്ധ്യായം 2-ലെ ഇവാല്വേഷൻ, മാർക്ക്/ ഗ്രേഡിംഗ് സിസ്റ്റം എന്നിവ കോളേജിന്റെ പരീക്ഷാ മാനുവലിൽ നിന്ന് ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 90/25.03/136556/AD A5-2/2024** **സ്വയംഭരണ കോളേജുകൾക്ക് വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ ഉൾപ്പെടെ അക്കാദമിക കാര്യങ്ങളിൽ സർവ്വകലാശാല അക്കാദമിക് കലണ്ടർ പിന്തുടരണമോ എന്ന വിഷയം സംബന്ധിച്ച് -**

2025-26 അദ്ധ്യയന വർഷം മുതൽ സർക്കാർ ഉത്തരവിന് വിധേയമായി ഏകീകൃത അക്കാദമിക് കലണ്ടർ ഓട്ടോണമസ് കോളേജുകൾ ഉൾപ്പെടെ എല്ലാ കോളേജുകളും പാലിക്കണമെന്ന് കാണിച്ച് നിർദ്ദേശം നൽകാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 91/25.03/124315/AC A1-3/2024** **30.09.2024 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗ നടപടിക്കുറിപ്പ് - ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളെയും മൾട്ടിഡിസിപ്ലിനറി സ്ഥാപനങ്ങളായി അംഗീകരിച്ച് പുതിയ നാല് വർഷ Integrated Teacher Education Programme (ITEP) കോഴ്സിന് അപേക്ഷിക്കുവാൻ യോഗ്യമാക്കുന്നത് സംബന്ധിച്ച്.**

ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളെ മൾട്ടിഡിസിപ്ലിനറി സ്ഥാപനങ്ങളായി അംഗീകരിച്ച് പുതിയ നാല് വർഷ Integrated Teacher Education Programme (ITEP) കോഴ്സിന് അപേക്ഷിക്കുവാൻ യോഗ്യമാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുമേഷ് എ.എസ്., ശ്രീ. ഹരികൃഷ്ണൻ പി., ഡോ. സുജ റ്റി.വി എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 92/25.03/142132/DP & P-2/2024** **DPP - MGU UGP - ഒന്നാം സെമസ്റ്റർ ഭാഷാ പാഠപുസ്തകങ്ങൾ സമയബന്ധിതമായും ഉത്തരവാദിത്ത ത്തോടും പ്രസിദ്ധീകരിക്കാൻ സഹകരിച്ച അദ്ധ്യാപകരെ ആദരിക്കുന്നത് സംബന്ധിച്ച്**

Expert committee കൺവീനർമാരുടെ യോഗത്തിൽ DPP - MGU UGP ഒന്നാം സെമസ്റ്റർ ഭാഷാ പാഠപുസ്തകങ്ങൾ സമയബന്ധിതമായും ഉത്തരവാദിത്തത്തോടും പ്രസിദ്ധീകരിക്കാൻ സഹകരിച്ച അദ്ധ്യാപകരെ സാക്ഷ്യപത്രം നൽകി അനുമോദിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 93/25.03/142553/P&D 1-3/2024** **സെനറ്റ് യോഗം അംഗീകരിച്ച പ്രമേയം - സർവകലാശാലയിൽ ഡിപ്പാർട്മെന്റ് ഓഫ് കോമേഴ്സ് ആരംഭിക്കുന്നത് - സംബന്ധിച്ച്.**

സർവകലാശാലയിൽ ഡിപ്പാർട്മെന്റ് ഓഫ് കോമേഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. അജിമോൻ ജോർജ്ജ്, അഡ്വ. പി.ബി സതീഷ് കുമാർ എന്നിവരെ ചുതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 94/25.03/139925/EI 38-3/2024** **കോതമംഗലം, മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ എം.കോം മാർക്കറ്റിങ് & ഇന്റർനാഷണൽ ബിസിനസ് എന്ന പ്രോഗ്രാമിന് നിശ്ചിത യോഗ്യതയില്ലാത്ത വിദ്യാർത്ഥിയ്ക്ക് അനുവദിച്ച പ്രവേശനം - നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്**

കോതമംഗലം മാർ അത്തനേഷ്യസ് സ്വയംഭരണ കോളേജിലെ എം.കോം മാർക്കറ്റിംഗ് & ഇന്റർനാഷണൽ ബിസിനസ് പ്രോഗ്രാമിൽ 2024 അധ്യയനവർഷം പ്രവേശന മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ബ്ലെസൻ ബേബി എന്ന വിദ്യാർത്ഥിയുടെ പ്രവേശനം നടത്തിയതിന് ടി കോളജിന് ₹10,000/- (പതിനായിരം രൂപ മാത്രം) പിഴ ചുമത്തി, ടി വിദ്യാർത്ഥിയുടെ പ്രവേശനം ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഭാവിയിൽ ഒരു കീഴ്വഴക്കം ആകാതെ ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 95/25.03/17762/AC A1-2/2025** **ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് & എക്സ്റ്റൻഷനിൽ നടത്തപെടുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിങ്-ന് പത്തു സീറ്റുകൾ കൂടി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് :-**

ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് കോഴ്സായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിങ്ങിന് 2025-26 അദ്ധ്യയന വർഷം മുതൽ 10 സീറ്റുകൾ വർധിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 96/25.03/15827/AC B7-2/2025** **എറണാകുളം സെന്റ് തെരേസാസ് കോളേജ് ലീഡ്സ് ബെക്കറ്റ് സർവ്വകലാശാല, യുണൈറ്റഡ് കിങ്ഡം - മായി ചേർന്ന് എം.എ ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ ഡ്യൂവൽ ഡിഗ്രി പ്രോഗാം നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് .**

പ്രസ്തുത വിഷയം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോജി അലക്സ്, ഡോ. സെനോ ജോസ്, ഡോ. സുജ ടി. വി., സ്കൂൾ ഓഫ് ഗാന്ധിയൻ തോട്സ് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസിലെ പ്രൊഫസർ എം. എച്ച്. ഇലിയാസ് എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ 97/25.03/52182/AC B7-2/2024** **തേവര എസ്.എച്ച് സ്വയംഭരണ കോളജിൽ നിലവിലുള്ള 16 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ 2024 അധ്യയന വർഷം മുതലുള്ള പരിഷ്കരിച്ച പാഠ്യക്രമങ്ങൾ അംഗീകരിക്കുന്നതിന് -ഫീസ് ഒടുക്കുന്നത് - സംബന്ധിച്ച്.**

നിരവധി കത്തുകൾക്കും ഓർമ്മക്കുറിപ്പുകൾക്കും ശേഷവും പാഠ്യക്രമങ്ങൾ അംഗീകരിക്കുന്നതിനുള്ള ഫീസ് അടച്ചിട്ടില്ലാത്ത, സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന എല്ലാ സ്വയം ഭരണ കോളേജുകൾക്കും ഒരു മാസം സമയം അനുവദിച്ചതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ 98/25.03/9063/AC A5-3/2025** **സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് പഠനവകുപ്പിൽ നടത്തിവരുന്ന പഞ്ചവത്സര ബി.ബി.എ.എൽ.എൽ.ബി (ഓണേഴ്സ്) പ്രോഗ്രാമിന്റെ 2024-2025 പ്രവേശനത്തിനായുള്ള പ്രായപരിധിയുമായി ബന്ധപ്പെട്ട അപേക്ഷകരുടെ ആശങ്ക കണക്കിലെടുത്ത് ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വൈസ് ചാൻസലർ 24.01.2025 തീയതി ഉത്തരവായി.ആയത് പ്രകാരം ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.**

പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

## (ii) മുൻ ഇനങ്ങൾ

**ഇനംനമ്പർ OA 28/25.02/114204/AD A4-2/2024** **മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ടിയാളുകൾക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം വാങ്ങി ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 27/25.02/16051/AC A6-2/2024** **സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പ് 2023-2024 - സെലക്ഷൻ കമ്മിറ്റി ശുപാർശകളും അപേക്ഷകരുടെ ലിസ്റ്റും സിൻഡിക്കേറ്റിന് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്**

1. 27.12.2024 തീയതിയിലെ സർവകലാശാലാ ഉത്തരവ് നമ്പർ 11767/AC A6/2024/എം.ജി.യു പ്രകാരം രൂപീകൃതമായ സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിക്കുന്നതിനും, കമ്മിറ്റി ശുപാർശ ചെയ്ത 102 ഗവേഷകരുടെ പട്ടിക അംഗീകരിക്കുന്നതിനും, പട്ടികയിൽ ക്രമ നമ്പർ 26, 60, 66 ആയി രേഖപ്പെടുത്തിയിട്ടുള്ള അപർണ ജി കുമാർ, Alert Mathew Joseph, അനഘ അനിൽകുമാർ എന്നിവർക്ക് അനുവദനീയമായ കാലയളവിലേക്ക് ഫെലോഷിപ്പ് നിജപ്പെടുത്തുന്നതിനും, ടി പട്ടിക പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് പ്ലാൻ ഫണ്ടിന്റെ ആദ്യ ഗഡു വരുന്ന മുറയ്ക്ക് ഫെലോഷിപ്പ് തുക അനുവദിച്ച് നൽകുന്നതിനും,
2. Autonomous, Self financing കോളേജുകളിലെ വിദ്യാർത്ഥികളെ താൽക്കാലികമായി സർവ്വകലാശാല ജൂനിയർ റിസർച്ച് ഫെലോഷിപ്പിനായി പരിഗണിക്കേണ്ടതില്ലെന്നും,
3. മെറിറ്റ് അടിസ്ഥാനത്തിൽ ഫെലോഷിപ്പ് അനുവദിക്കുന്നതിനായി സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെപ്പറ്റി (Special Test/Special Grading in Entrance Test/Grading by Doctoral Committee) പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുമേഷ് എ. എസ്, ശ്രീ. ഹരികൃഷ്ണൻ പി., ശ്രീ. അമൽ എബ്രഹാം, ഡോ. സുജ ടി വി എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

(സിൻഡിക്കേറ്റ് അംഗമായ ശ്രീ. അമൽ എബ്രഹാം തീരുമാനത്തിൽ Autonomous, Self financing കോളേജുകളിലെ വിദ്യാർത്ഥികളെ താൽക്കാലികമായി ഒഴിവാക്കിയതിൽ വിയോജിപ്പ് രേഖപ്പെടുത്തി.)

**ഇനംനമ്പർ OA 13/25.02/7042/CBCSS 18/2/2019** **എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ 2015 അഡ്മിഷൻ സിബിസിഎസ്എസ് ബി.എസ്സി. ഫിസിക്സ് വിദ്യാർത്ഥി AKSHAY VISWANTHAN (PRN:150021093650) എഴുതിയ ആറാം സെമസ്റ്റർ സിബിസിഎസ്എസ് 2013-2016 അഡ്മിഷൻ മേഴ്സി ചാൻസ് ജനുവരി 2024 സപ്ലിമെന്ററി പരീക്ഷയിലെ H06BB904: Renewable Energy Technology എന്ന വിഷയത്തിന്റെ മാർക്ക് ടിയാന്റെ ആറാം സെമസ്റ്റർ ഡിഗ്രി മാർച്ച് 2019 പരീക്ഷയിൽ ചേർത്ത് പുനഃപ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്.**

എറണാകുളം സെന്റ് ആൽബർട്സ് കോളേജിലെ 2015 അഡ്മിഷൻ സിബിസിഎസ്എസ് ബി.എസ്സി. ഫിസിക്സ് വിദ്യാർത്ഥി AKSHAY VISWANTHAN (PRN:150021093650) എഴുതിയ ആറാം സെമസ്റ്റർ സിബിസിഎസ്എസ് 2013-2016 അഡ്മിഷൻ മേഴ്സി ചാൻസ് ജനുവരി 2024 സപ്ലിമെന്ററി പരീക്ഷയിലെ H06BB904: Renewable Energy Technology എന്ന വിഷയത്തിന്റെ മാർക്ക് 2019 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ഡിഗ്രി പരീക്ഷയിൽ ചേർത്ത് പുനഃപ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ OA 18/25.02/43258/EN 15-7/2024** **സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ്, ചുട്ടിപ്പാറ - ബിഎസ്സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിലെ വിഷ്ണു ദാസ് (150021105385)-ന്റെ അഞ്ചാം സെമസ്റ്റർ CBCSS 2013-2016 (Supplemetary/Mercy Chance) സെപ്റ്റംബർ 2023 പരീക്ഷാഫലം - ഉത്തരക്കടലാസ് പുനഃമൂല്യനിർണയം നടത്തി ഫലം പുനഃപ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസസ്, ചുട്ടിപ്പാറയിലെ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിലെ വിഷ്ണു ദാസ് (150021105385) എന്ന വിദ്യാർത്ഥി അഞ്ചാം സെമസ്റ്റർ CBCSS

2013-2016 (Supplemnetary/ Mercy Chance) സെപ്റ്റംബർ 2023 പരീക്ഷയിൽ Programming in Java (QP Code 5292) എന്ന ചോദ്യ പേപ്പറിന് പകരം മാറി എഴുതിയ BCA, B.Sc Computer Application പ്രോഗ്രാമിന്റെ Java Programming (QP Code 5296) എന്ന ചോദ്യ പേപ്പറിന്റെ ഉത്തര സൂചിക ഉപയോഗിച്ച് വിദ്യാർത്ഥിയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയം നടത്തി പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചു.

**ഔട്ട് ഓഫ് അജൻഡ**

**Item No. O.A.01/25.03** **Proceedings of the Selection Committees held for the selection of Professor/Associate Professor in various Schools of the University - Approval - reg:-**

Resolved to approve the Proceedings of the Selection Committees held for the selection of Professor/Associate Professor/NMR Faculty in the following academic schools on the dates specified against each academic school. Further resolved to appoint candidates against notified vacancies from the rank list prepared by the respective selection committees.

| Sr. No. | Date | Post | School |
|---|---|---|---|
| 1. | 20/02/2025 | Professor | School of Distance Education |
| 2. | 20/02/2025 | Professor | School of Biosciences |
| 3. | 01/03/2025 | Professor | School of Computer Sciences |
| 4. | 22/02/2025 | Associate Professor | School of Distance Education |
| 5. | 24/02/2025 | Associate Professor | School of Pure and Applied Physics |
| 6. | 24/02/2025 | Associate Professor | School of Chemical Sciences |
| 7. | 28/02/2025 | Associate Professor | School of Environmental Sciences |
| 8. | 27/02/2025 | NMR Faculty | School of Chemical Sciences |

**Item No. O.A.02/25.03** **Proceedings of the Selection Committees held for the selection of Professor in School of International Relations and Politics of the University - Approval - reg:-**

Resolved to approve the Proceedings of the Selection Committees held on 01/03/2025 for the selection of Professor in the School of International Relations and Politics of the University.

**ഇനം.നമ്പർ: ഒ.എ).3/25.03** **Degrees to be awarded to successful candidates who have passed various examinations conducted by the University under different faculties - reg.**

Resolved to award Certificate/Degree/Diploma to successful candidates who have passed various examinations conducted by the University, including the candidates of Autonomous Colleges under the University, who have followed University regulations under different faculties till 26.03.2025.

**ഇനം.നമ്പർ: ഒ.എ).4/25.03** **Awarding of Ph. D. Degree - reg:-**

The action taken by the Vice-Chancellor in having constituted the Boards of Examiners for the adjudication of the theses was reported to the Syndicate.
Further resolved to award the Degree of Doctor of Philosophy to all the candidates whose files are submitted to the Syndicate till 26.03.2025 in the faculty concerned.

| Sl. No | File No. | Name & Address of Candidate | Name & Address of Supervising Teacher | Name & Address of the Co-Guide | Subject Area and Faculty | Title of the proposed Thesis |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 105408/AC A15-2/2024 | Smt. Gopika Unni P. Kamalalayam Vallikunnam Puthenchantha P O Alappuzha -690 501 | Dr. Vinod Gopi Associate professor & Research Guide Research & Postgraduate Department of English Sree Sankara College Kalady -683574 | NIL | English / Language & Literature | Shifting Paradigms of Cultural Narratives: A Folkloric Study of the Oachira Parabrahma Shrine in Kerala. |
| 2 | 52188/AC A15-1/2024 | Smt. Aswathy M J Thiruvathirayil Pavumba South P O Karunagappally Kollam | Dr. Nirmala Padmanabhan Research Guide Department of Economics St. Teresa's College Ernakulam | NIL | Economics/ Social Sciences | Generation and Management of waste by houseboats in Alappuzha district. |
| 3 | 53369/AC A15-2/2024 | Smt. Anju Maria Sebastian Kizhakkel (H) Collectorate P O Kottayam Pin- 686002 | Dr. Anjana Sankar S Research Supervisor, Associate Professor (Rtd) & Former HOD PG Department of English & Research Centre, Sree Sankara College, Kalady | NIL | English / Language & Literature | (In) Visible Identities : Redefining 'Fat' Female Bodies in Select Narratives |
| 4 | 148160/AC A15-3/2023 | Smt. Lidia Durom Thekkekanissery (H) Maliekkal Road Thevara Kochi 682 013 | Dr. Bino Thomas Former Head of the Department Department of Commerce & Centre for Research Bishop Abraham Memorial College Thuruthicad, Pathanamthitta | NIL | Commerce / Commerce | Human Resource Development in IT Companies- A study with reference to IT Professionals |
| 5 | 117838/AC A15-1/2024 | Smt. Helena Treesa Mathew Vattamala(H) Punnathura West P O Ettumanoor Kottayam - 686631 | Prof. Dr. James John Research Guide in History Assumption College Changanacherry | NIL | History/ Social Sciences | AGRICULTURE AND THE SOCIO-CULTURAL LIFE OF TRAVANCORE WITH SPECIAL REFERENCE TO KOTTAYAM DISTRICT DURING THE TWENTIETH CENTURY |
| 6 | 109362/AC A14-2/2024 | Sri. Johnson Joseph St. Thomas Bhavan Chelavoor Post, Kozhikode District, Pin - 673 571. | Dr. Vidhya Ravindranadan Associate Professor, Department of Psychology, Union Christian College, Aluva - 683 102. | NIL | Psychology / Behavioural Sciences | PERCEIVED PARENTING ON IMPULSIVENESS, SELF IMAGE AND SOCIAL COMPETENCE AMONG ADOLESCENTS |

| | | | | | | |
|---|---|---|---|---|---|---|
| 7 | 36111/AC A15-1/2024 | Smt. Arathi K G Karamangattu(H), Kallar P O Thookkupalam, Idukki District, Pin 685552 | Dr. Nagamony P S Research Guide Department of Philosophy Maharaja's College Ernakulam | NIL | Philosophy/ Social Sciences | CRITIQUE OF METHOD: A STUDY ON THE PHILOSOPHICAL HERMENEUTICS OF HANS-GEORG GADAMER |
| 8 | 145964/AC A15-3/2024 | Sri. Sajan K Kariyil House Chamundikunnu P. O Rajapuram (Via) Kasaragod District PIN - 671532 | Dr. Sajikumar K B Research Guide P G & Research Department of Commerce Maharaja's College Ernakulam | NIL | Commerce / Commerce | FUTURES TRADING ON SELECTED AGRICULTURAL COMMODITIES |
| 9 | 83649/AC A15-1/2024 | Smt. Sony Achamma Thomas Panachammootil Parambil Pandanad West P O Chengannur Alappuzha-689506 | Dr.Sivakumar M. V. Director Capital Center Central University of Kerala Thiruvananthapuram | NIL | Political Sciences/ Social Sciences | INDO - JAPAN RELATIONS IN THE CHANGING DYNAMICS OF INDO - PACIFIC REGION |
| 10 | 59674/AC A15-3/2024 | Sri. Athul Kuriakose Chavaramplackil (H) Kizhumury P. O. Ramamangalam Ernakulam District PIN - 686663 | Dr. Sajoy P B Assistant Professor & Research Guide Department of Commerce Sacred Heart College, Thevara Cochin- 682013 | NIL | Commerce / Commerce | Adoption, Usage, and Continuance Intention to Use of Unified Payment Interface (UPI) |
| 11 | 109360/AC A14-2/2024 | Smt. Anjali Venukumar Karakunnel House, Keerikodu, Thodupuzha East P O, Idukki - 685 585. | Dr. C T Aravindakumar Professor, School of Environmental Sciences, Mahatma Gandhi University, Kottayam - 686 560, Kerala. | NIL | Environmental Science / Earth and Environmental Sciences | Mapping of Phosphate in Vembanad Lake and Adjoining Rivers |
| 12 | 136961/AC A14-3/2024 | Smt. SVENIA P JOSE Periyappurath Adakamukkil (H) Mulakulam North P.O Piravom, Ernakulam Pin - 686 664 | Dr. Ratheesh M Assistant professor in Biochemistry Department of Chemistry, St.Thomas College, Pala | NIL | Biochemistry / Science | DEVELOPMENT OF A FORMULATION OF RESVERATROL - ENRICHED POLYPHENOLICS FROM THE SKIN OF PEANUT (ARACHIS HYPOGAEA) AND OLEIC ACID AGAINST ATOPIC DERMATITIS: REGULATORY ROLE IN INFLAMMATORY AND PRURITIC PATHWAYS |

| | | | | | | |
|---|---|---|---|---|---|---|
| 13 | 83359/AC A14-1/2024 | Ms. Aparna Raj Thekkevazhappallil veedu Thekkumcherry Puthoor P.O Kollam - 691507 | Dr. C Sudarsanakumar Professor, School of Pure & Applied Physics, Mahatma Gandhi University, Kottayam. | NIL | Physics / Science | INVESTIGATION ON THE INTERACTION OF NATURAL DRUG FUNCTIONALIZED METAL NANOPARTICLES WITH BIOLOGICAL MACROMOLECULES. |

**ഇനം.നമ്പർ: ഒ.എ്.5/25.03/72160/AcB6** **സർവ്വകലാശാലയിലെ പഠനവകുപ്പുകളിൽ 2025-26 അധ്യയന വർഷം മുതലുള്ള മുഴുവൻ പ്രവേശനങ്ങളും കേന്ദ്രീകൃത അലോട്ട്മെന്റ് (CAP) വഴി നടത്തുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം – പുനഃപരിശോധിക്കുന്നത് – സംബന്ധിച്ച്:-**

2025-26 അക്കാദമിക വർഷം മുതൽ സർവ്വകലാശാലയിലെ പഠനവകുപ്പുകളിലേക്കുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥി പ്രവേശനം അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതിനായി കൈക്കൊണ്ടിട്ടുള്ള 21.02.2025 തീയതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം താൽക്കാലികമായി മരവിപ്പിക്കുന്നതിനും, 2025-26 അക്കാദമിക വർഷം സർവ്വകലാശാലയിലെ പഠനവകുപ്പുകളിലേക്കുള്ള ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ പ്രവേശനം മുൻ വർഷങ്ങളിലേതുപോലെ കേന്ദ്രീകൃത പ്രവേശന പരീക്ഷയായ CAT വഴി നടത്തുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.6/25.03** **സർവ്വകലാശാല ലൈബ്രറിയുടെ ഇൻഫിനിറ്റി ഹാൾ രാത്രി 12 മണി വരെ റീഡിംഗ് ആവശ്യങ്ങൾക്കായി അനുവദിക്കുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല ലൈബ്രറിയുടെ ഇടതു വശത്തുള്ള ഹാൾ രാത്രി 12 മണി വരെ റീഡിംഗ് ആവശ്യങ്ങൾക്കായി വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും മേൽ ആവശ്യത്തിനായി രണ്ട് സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.7/25.03** **സർവ്വകലാശാല വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നത് – സംബന്ധിച്ച്.**

സർവ്വകലാശാല വിദ്യാർത്ഥികൾക്കായുള്ള നിലവിലെ ഹോസ്റ്റൽ സൗകര്യം അപര്യാപ്തമായതിനാൽ, സർവ്വകലാശാലയിൽ നിലവിലുള്ള ഹോസ്റ്റലുകളുടെ മുകളിൽ താൽക്കാലികമായി വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.8/25.03** **ഗവേഷണം – എസ്.സി./എസ്.ടി. സംവരണ സീറ്റ് ഒഴിച്ചിടുന്നതും വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം ജനറൽ വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതും – സംബന്ധിച്ച്**

ഗവേഷണത്തിനായുള്ള നിലവിലുള്ള എസ്.സി./എസ്.ടി. സംവരണ സീറ്റ് രണ്ട് തുടർ വർഷങ്ങളിലേക്ക് ഒഴിച്ചിടുന്നതിനും, മൂന്നാം വർഷം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഇല്ലാത്ത പക്ഷം സീറ്റ് ജനറൽ വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.9/25.03/108193/AC B2-1/2024** **പാലാ സെൻറ് തോമസ് കോളേജ്-ഹിസ്റ്ററി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളുടെ ജോലിഭാരം നിർണയിച്ച് നൽകുന്നത് - സംബന്ധിച്ച്.**

സ.ഉ.(കൈ)നം.242/2022/HEDN തീയതി 18.05.2022 പ്രകാരവും സർവ്വകലാശാല ഉത്തരവ് നമ്പർ 10706/Ac B1/2024/MGU തീയതി 26.11.2024 അനുസരിച്ചും ഭിന്നശേഷി സംവരണത്തിന്റെ ബാക്‌ലോഗ് നികത്തുന്നതിന് കോളേജിലെ വിഷയങ്ങളുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമം പാലിക്കേണ്ടതാണ്. ഇത് പ്രകാരം പാലാ സെന്റ് തോമസ് കോളേജിലെ ബാക്‌ലോഗ് കണക്കാക്കുമ്പോൾ ഒഴിവുള്ള വിഷയങ്ങളുടെ മുൻഗണനാക്രമം അനുസരിച്ച് ജർമ്മൻ വിഷയമാണ് വരുന്നത്. അതിനാൽ, ഭിന്നശേഷി സംവരണക്രമം അനുസരിച്ച് ജർമ്മൻ വിഷയത്തിൽ സംവരണം അനുവദിച്ചുകൊണ്ട് ഒഴിവുള്ള മറ്റ് വിഷയങ്ങൾ ഇതോടൊപ്പം ഒന്നിച്ച് വിജ്ഞാപനം ചെയ്യുവാൻ അനുവാദം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.10/25.03/14422/AC A1-1/2025** **നോർത്ത് പറവൂർ ആസ്ഥാനമാക്കി കേസരി മെമ്മോറിയൽ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് പുതിയ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള അപേക്ഷ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

2025-2026 അദ്ധ്യയന വർഷത്തിൽ, എറണാകുളം ജില്ലയിൽ നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയിൽ കേസരി മെമ്മോറിയൽ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, നോർത്ത് പറവൂർ എന്ന പേരിൽ പുതിയ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, ആരംഭിക്കുന്നതിനായി ഡയറക്ടർ ഓഫ് കോളേജ് എഡ്യൂക്കേഷൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് താഴെ പറയുന്നവരെ ഉൾപ്പെടുത്തി ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിക്കുവാനും, 05.04.2025 തീയതിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

1. ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം)
2. പ്രൊഫ. ബിജു പി ആർ (DCDC)
3. പ്രൊഫ. പ്രിയ പി മേനോൻ (Deputy Director of collegiate Education Ernakulam)
4. ശ്രീമതി. രജനി ജോൺ (University Engineer)
5. വിനേഷ് കെ എ (Assistant Professor, Govt. college Vypin.)
6.ഡോ. ലീന സി ശേഖർ ( Associate Professor, MES college Marampally)
7. ഷൈൻ പി എസ് (Assistant Professor, BPC college Piravom)

**ഇനം.നമ്പർ: ഒ.എ.11/25.03/12384/AC B2-1/2025** **പാലാ സെന്റ് തോമസ് കോളേജ് - വിവിധ വിഷയങ്ങളിലെ അദ്ധ്യാപക തസ്തികയിലുള്ള നിയമനത്തിന് വെക്കേഷൻ കാലയളവിൽ നിയമനാംഗീകാരം നൽകിയത് - സംബന്ധിച്ച്:**

സർവ്വകലാശാല ആക്റ്റ്, സ്റ്റാറ്റ്യൂട്ട്സ്, വർക്ക് ലോഡ് ഓർഡിനൻസ് എന്നിവയിൽ മാർച്ച് മാസത്തിൽ നടത്തുന്ന നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകൾ ഒന്നും തന്നെ പറയുന്നില്ല. എന്നാൽ മാർച്ച് 15-ന് ശേഷം നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് ഡി.ഡി. ഓഫീസുകളിൽ നിന്ന് ലഭിച്ചിട്ടുള്ള നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിൽ നിയമന അംഗീകാരം തൊട്ടടുത്ത ജൂൺ ഒന്നിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. എന്നാൽ, സർവ്വകലാശാല വിജ്ഞാപനം 84727/ACA1 SO/2021 തീയതി 17.10.2021 പ്രകാരം 2022 ഏപ്രിൽ, മെയ് എന്നീ മാസങ്ങൾ സർവ്വകലാശാലയിൽ കോവിഡ് സാഹചര്യം കണക്കിലെടുത്ത് പ്രവൃത്തി ദിനങ്ങളായി പ്രഖ്യാപിച്ചിരുന്നത് പരിഗണിച്ചാണ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടത്തിയ നിയമനങ്ങൾക്ക് സർവ്വകലാശാല അംഗീകാരം നൽകിയത് ആയതിനാൽ, പ്രസ്തുത കാലയളവിൽ പാലാ സെന്റ് തോമസ് കോളേജിൽ നടത്തിയ അധ്യാപക നിയമന അംഗീകാരം മാറ്റി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. കൂടാതെ, 2023 മാർച്ച് 13-ന് നടത്തിയ നിയമനം മാർച്ച് 15-ന് മുൻപാകയാൽ നിയമന അംഗീകാരം നൽകിയതിൽ മാറ്റം വരുത്തേണ്ടതില്ല എന്നും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.12/25.03/126954/AD A5-1/2021** **സർവകലാശാല ലൈബ്രറി - ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I, ശ്രീമതി ലത അരവിന്ദ് (സർവ്വകലാശാല ലൈബ്രേറിയൻ ഇൻ ചാർജ്) ഫയൽ ചെയ്ത WP(C) 14776/2021 നമ്പർ ഹർജിയിന്മേൽ 19.02.2025 തീയതിയിൽ ബഹു: കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി നടപ്പാക്കുന്നത് - സംബന്ധിച്ച്:-**

WP(C)14776/2021-ന്മേൽ 19.02.2025-ൽ ബഹു: കേരള ഹൈക്കോടതി പുറപ്പെടുവിച്ചിരിക്കുന്ന വിധിയുടെ അടിസ്ഥാനത്തിൽ, സർവ്വകലാശാലാ ലൈബ്രറി വിഭാഗത്തിൽ നിലവിൽ ഏറ്റവും സീനിയറായ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ശ്രീമതി. ലത അരവിന്ദ്-ന് 01.06.2021 പ്രാബല്യത്തിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്ക് നോഷണൽ ആയി സ്ഥാനക്കയറ്റം നൽകുന്നതിനും, ചുമതല വ്യത്യാസമുള്ള തസ്തികയായതിനാൽ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രം ടി തസ്തികയുമായി ബന്ധപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.13/25.03/67577/AC B5-2/2024** – Incorporation of IV Amendmdnt – UGC Regulation – Reg:-

ടി വിഷയത്തിൽ തീരുമാനമായതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.14/25.03/O.A.12/24.06** **ബി എ എം കോളേജ്, തുരുത്തിക്കാട് - കോളേജ് മാനേജ്മെന്റ് സംബന്ധിച്ച തർക്കം - ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) 27953/2024 നമ്പർ റിട്ട് പെറ്റീഷൻ - അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് ശ്രീ. എബ്രഹാം ജെ ജോർജ് സമർപ്പിച്ച പരാതി - തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.**

അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.15/25.03/98464/AC B1-2/2024** – **സ്വകാര്യ എയ്ഡഡ് കോളേജുകൾ - അമലഗിരി, ബി കെ കോളേജ് - പ്രിൻസിപ്പലായി നിയമിതയായ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. മിനി തോമസ്-ന്റെ- നിയമനാംഗീകാരം - സംബന്ധിച്ച്.**

അമലഗിരി, ബി.കെ. കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതയായ ഡോ. മിനി തോമസ്-ന് യു.ജി.സി റെഗുലേഷൻ 2018 4.1 (V) (A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിൽ നിയമിതയാകുന്നതിനുള്ള യോഗ്യതകൾ ഉള്ളതിനാൽ, ടി അദ്ധ്യാപികയുടെ നിയമനം 01.07.2024 പൂർവാഹ്നം മുതൽ ടിയാളുടെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.16/25.03/54347/AC B5-1/2024** **എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പ്രൊഫസർ സ്ഥാനക്കയറ്റം- ഡോ. ജോസഫ് ജസ്റ്റിൻ റെബെല്ലോ, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം, അക്വിനാസ് കോളേജ്, ഇടക്കൊച്ചി- പ്രൊഫസർ സ്ഥാനക്കയറ്റ അംഗീകാരം- പ്രസിദ്ധീകരണങ്ങൾ പരിശോധിക്കുന്നതിന് നിയമിച്ച വിദഗ്ധ സമിതി സമർപ്പിച്ച പരിശോധന റിപ്പോർട്ട്- സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് -സംബന്ധിച്ച്.**

ഇടക്കൊച്ചി, അക്വിനാസ് കോളേജ്-ലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ, ഡോ. ജോസഫ് ജസ്റ്റിൻ റെബെല്ലോയുടെ പ്രൊഫസർ സ്ഥാനക്കയറ്റ അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന

പ്രസിദ്ധീകരണങ്ങൾ പരിശോധിക്കുന്നതിന് നിയമിച്ച വിദഗ്ധ സമിതി സമർപ്പിച്ച പരിശോധന റിപ്പോർട്ട് അംഗീകരിക്കുന്നതിനും, താഴെ പറയും പ്രകാരം ടി അദ്ധ്യാപകന്റെ പ്രൊഫസർ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

It has been resolved to approve provisionally the promotion of Dr. Joseph Justin Rebello, Associate Professor, Academic Level 13A in Aquinas College, Edacochin as Professor, Academic Level 14 w.e.f. 01.09.2023 in the scale of pay Rs. 1,44,200 – 2,18,200. It has been further resolved to fix his/her pay at Rs. 1,72,200/- as on 01.09.2023 and the date of next increment as 01.07.2024.

**ഇനം.നമ്പർ: ഒ.എ്.17/25.03/5944/AC B5-5/2024 – WP(C) 1736/2024 filed by Dr. Betty Rani Isaac – St. Teresa's College, Ernakulam – Reg:-**

19.03.2025 തീയതിയിലെ SSC അപ്രൂവൽ മീറ്റിംഗ് മിനുട്സ്-ഐറ്റം നമ്പർ:36199/AC B5-5/2023 പ്രകാരം വിഷയത്തിൽ തീരുമാനമായതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.18/25.03/5918/AC B5-5/2024 – WP(C) 1661/2024 filed by Dr. Anu joseph – St. Teresa's College, Ernakulam – Reg:-**

19.03.2025 തീയതിയിലെ SSC അപ്രൂവൽ മീറ്റിംഗ് മിനുട്സ്-ഐറ്റം നമ്പർ:36196/AC B5-5/2023 പ്രകാരം വിഷയത്തിൽ തീരുമാനമായതിനാൽ ഫയൽ മടക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.19/25.03/138111/AC B1-1/2024 – സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ ഉൾകൊള്ളുന്ന കേരള ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ സ.ഉ (സാധാ) നം 1530/2024/HEDN തീയതി 09.12.2024 ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ സർവ്വകലാശാലയോട് ആവശ്യപ്പെട്ടുകൊണ്ടുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നമ്പർ ഡി 1/142/2023-ഉവിവ തീയതി 24.01.2025 മേലുള്ള തുടർ നടപടികൾ സംബന്ധിച്ച്.**

കേരള ഉന്നത വിദ്യഭ്യാസ വകുപ്പിന്റെ സ.ഉ(സാധാ)നം.1530/2024/HEDN, തീയതി: 09.12.2024, സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.20/25.03/7101/AC B2-1/2025 – സെന്റ് ആൽബേർട്സ് (ഓട്ടോണോമസ്) കോളേജ്, എറണാകുളം – Dr. Joseph Justin Rebello – പ്രിൻസിപ്പൽ നിയമനാംഗീകാരം – സംബന്ധിച്ച്.**

എറണാകുളം, സെന്റ് ആൽബേർട്സ് (ഓട്ടോണോമസ്) കോളേജ് പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതനായ Dr. Joseph Justin Rebello-യ്ക്ക് UGC Regulation 2018, 4.1 (V)(A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് നിയമിതനാകുന്നതിന് ആവശ്യമായ യോഗ്യതകൾ ഉള്ളതിനാൽ ടിയാന്റെ നിയമനം 14.08.2024 പൂർവ്വാഹ്നം മുതൽ ടിയാന്റെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.21/25.03/12499/AC B1-2/2025 സ്വകാര്യ എയ്ഡഡ് കോളേജുകൾ – കോട്ടയം, ബി സി എം കോളേജ് – പ്രിൻസിപ്പലായി നിയമിതനായകുട്ടിക്കാനം മരിയൻ കോളേജിലെ കോമേഴ്സ് വിഭാഗം പ്രൊഫസറായഡോ .തോമസ് കെ വി ( Dr. Thomas K V )-യുടെ – നിയമനാംഗീകാരം – സംബന്ധിച്ച്.**

കോട്ടയം, ബി.സി.എം കോളേജിലെ പ്രിൻസിപ്പലായി നേരിട്ടുള്ള നിയമനം മുഖേന നിയമിതയായ പ്രൊഫ. (ഡോ.) തോമസ് കെ വി-ക്ക് യു.ജി.സി റെഗുലേഷൻ 2018 4.1 (V) (A) പ്രകാരം പ്രിൻസിപ്പൽ തസ്തികയിൽ നിയമിതനാകുന്നതിനുള്ള യോഗ്യതകൾ ഉള്ളതിനാൽ, ടിയാന്റെ നിയമനം 17.01.2025

പൂർവാഹ്നം മുതൽ ടിയാളുടെ റിട്ടയർമെന്റ് തീയതി വരെയോ അല്ലെങ്കിൽ 5 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.22/25.03/20937/AC B1-3/2025 തൊടുപുഴ, ന്യൂമാൻ കോളേജിലെ ഫിസിക്സ് വിഭാഗത്തിന്റെ ജോലിഭാരം സർവ്വകലാശാലയിൽ നിന്നും നിർണ്ണയിച്ചു നൽകിയത് പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ടി കോളേജിന്റെ മാനേജർ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്**

തൊടുപുഴ, ന്യൂമാൻ കോളേജിലെ ഫിസിക്സ് വിഭാഗത്തിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട് ടി കോളേജിലെ നിലവിലെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി സർവ്വകലാശാലയിൽ നിന്നും കണക്കാക്കി നൽകിയ ജോലിഭാരവും, ഒഴിവുകളുടെ എണ്ണവും, കോളേജ് വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധപ്പെടുത്തിയ ബുക്ക്ലെറ്റിനെക്കാൾ കുറവാണ്. കൂടാതെ, നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിരിക്കുന്നതിനാൽ ജോലിഭാരം ലോക്ക് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം വാങ്ങിയതിന് ശേഷം ഫയൽ പുനഃ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.23/25.03/153316/AC B1-1/2023 - 2025-2026 അക്കാദമിക വർഷത്തിലേക്ക് നിയമനം നടത്തുന്നതിനായി കോളേജുകൾക്ക് 01.11.2024 തീയതിയിലെ വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കി ജോലിഭാര റിപ്പോർട്ട് നൽകുന്നതിലെ വ്യക്തത സംബന്ധിച്ച്.**

2025-26 അക്കാദമിക വർഷത്തിലേക്ക് 01.11.2024 തീയതിയിലെ, വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കി ജോലിഭാരം കണക്കാക്കുമ്പോൾ, നാലുവർഷ ബിരുദ കോഴ്സിന്റെ ജോലിഭാരം ഉൾപ്പെടുന്നതിനാലും, സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്തിരിക്കുന്നതിനാലും, നിലവിൽ ജോലിഭാരം കണക്കാക്കുന്നതിന് സർവ്വകലാശാല അടിസ്ഥാനമാക്കിയ വർക്ക് ലോഡ് ഓർഡിനൻസ് 2018-ൽ FYUGP-യുടെ ജോലിഭാരം ഉൾപ്പെടാത്ത സാഹചര്യത്തിലും പ്രസ്തുത വിഷയത്തിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം വാങ്ങിയതിന് ശേഷം ഫയൽ പുനഃസമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.24/25.03/10939/DSS SO/2025 ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസ് - മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2023-24) -ന്റെ ഉദ്ഘാടന ചടങ്ങ് മാന്നാനം കെ ഇ കോളേജിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതി -സിൻഡിക്കേറ്റിന്റെ പരിഗണനയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്-**

മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2023-24)-ന്റെ ഉദ്ഘാടന ചടങ്ങ് മാന്നാനം കെ ഇ കോളേജിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർവ്വകലാശാല യൂണിയൻ (2023-24)-ന്റെ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അമൽ എബ്രഹാം (സിൻഡിക്കേറ്റ് അംഗം), ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), അഡ്വ. സതീഷ് കുമാർ പി ബി (സിൻഡിക്കേറ്റ് അംഗം) എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.25/25.03/135332/AC A8-3/2024 കടമ്മനിട്ട മൗണ്ട് സിയോൺ ലോ കോളേജിലെ അധ്യാപകരുടെ യോഗ്യത ചോദ്യം ചെയ്തു കൊണ്ട് പ്രസ്തുത കോളേജിലെ AISF യൂണിറ്റ് സെക്രട്ടറി നൽകിയ പരാതി.**

കടമ്മനിട്ട മൗണ്ട് സിയോൺ ലോ കോളേജിലെ അധ്യാപകരുടെ യോഗ്യത ചോദ്യം ചെയ്തു കൊണ്ട് പ്രസ്തുത കോളേജിലെ AISF യൂണിറ്റ് സെക്രട്ടറി നൽകിയ പരാതി സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അമൽ എബ്രഹാം (സിൻഡിക്കേറ്റ് അംഗം), ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം) എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.26/25.03/114632/AC A8-3/2024** **മാറമ്പള്ളി എം ഇ എസ് കോളേജിലെ ക്ലാർക്കായ ശ്രീ.ഷാഫിക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സർവ്വകലാശാലയിൽ ലഭിച്ച പരാതിയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി വിഷയം സിൻഡിക്കേറ്റിലേക്കു സമർപ്പിക്കുന്നത് സംബന്ധിച്ച്:-**

മാറമ്പള്ളി എം ഇ എസ് കോളേജിലെ ക്ലാർക്കായ ശ്രീ. ഷാഫിക്കെതിരെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സർവ്വകലാശാലയിൽ ലഭിച്ച പരാതിയിന്മേൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), ശ്രീ. അമൽ എബ്രഹാം (സിൻഡിക്കേറ്റ് അംഗം) എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.27/25.03/105884/AC A8-3/2024** **ഏറ്റുമാനൂർ മംഗളം സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിങ്ങിലെ വിദ്യാർത്ഥികൾ തങ്ങളുടെ കോളേജിന്റെ പ്രവർത്തനരീതികൾക്കെതിരെ സമർപ്പിച്ചിരിക്കുന്ന പരാതി - സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

ഏറ്റുമാനൂർ മംഗളം സ്കൂൾ ഓഫ് ആർക്കിടെക്ചർ ആൻഡ് പ്ലാനിങ്ങിലെ വിദ്യാർത്ഥികൾ തങ്ങളുടെ കോളേജിന്റെ പ്രവർത്തനരീതികൾക്കെതിരെ സമർപ്പിച്ചിരിക്കുന്ന പരാതിയിന്മേൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. സുജ ടി വി (സിൻഡിക്കേറ്റ് അംഗം), ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം) എന്നിവരെ അന്വേഷണ കമ്മീഷനായി നിയമിക്കുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.28/25.03/58150/P&D 1-1/2023** **സർവ്വകലാശാല ക്യാമ്പസ്സിലെ Nila Hostel-ന്റെ രണ്ടാം നിലയിലെ dormitory (ടോയ്ലറ്റുകൾ ഉൾപ്പെടെ) നിർമ്മിക്കുന്ന പ്രവൃത്തിയുടെ Electrification പ്രവൃത്തികൾ ചെയ്യുതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ ₹8,08,338/- (എട്ട് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി മുപ്പത്തെട്ട് രൂപ മാത്രം) കരാറുകാരനായ ശ്രീ. മുഹമ്മദ് സാദിഖ് എൻ.എ, നെടുവേലിപീടിക, അതിരമ്പുഴ-യ്ക്ക് അനുവദിക്കുന്നത് - സംബന്ധിച്ച് :-**

- സർവ്വകലാശാല ക്യാമ്പസ്സിലെ Nila Hostel-ന്റെ രണ്ടാം നിലയിലെ dormitory (ടോയ്ലറ്റുകൾ ഉൾപ്പെടെ) നിർമ്മിക്കുന്ന പ്രവൃത്തിയുടെ Electrification പ്രവൃത്തികൾ ചെയ്യുതിന്റെ ഫസ്റ്റ് & ഫൈനൽ ബിൽ തുകയായ ₹8,08,338/- (എട്ട് ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി മുപ്പത്തെട്ട് രൂപ മാത്രം) ശ്രീ. മുഹമ്മദ് സാദിഖ് എൻ. എ., നെടുവേലിപീടിക, അതിരമ്പുഴ-യ്ക്ക് അനുവദിക്കുന്നതിനും,
- മേൽ തുകയിൽ നിന്ന് താഴെ പറയുന്ന പ്രകാരം കിഴിവുകൾ വകയിരുത്തുന്നതിനും:

  IT(1%)-₹6,850/-, WWF (1%)-₹6,850/- (Amount of cess to the Board (KCWWF) - 6782/- + Cost of collection charge to be remitted to FO 's account (1% of KCWWF) - 68/-), GST (2%)- ₹13,701/-

- മേൽ കിഴിവുകൾ വകയിരുത്തി, കോൺട്രാക്ടർ Statutory GST invoice; Contract certificate bill-നൊപ്പം സമർപ്പിച്ചിരിക്കുന്നതിനാൽ, ₹7,80,937/- (ഏഴ് ലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി മുപ്പത്തേഴ് രൂപ മാത്രം) കരാറുകാരന് കൈമാറുന്നതിനും,
- മേൽ ചെലവ് നടപ്പു സാമ്പത്തിക വർഷത്തിലെ "25 101 06 - Modernisation of the University Administration, Academic Departments & Examination Infrastructure" എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.29/25.03/7133/AD A9-2/2024** **സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസ് - നാക് സന്ദർശനം- വകുപ്പിൽ 3D ബോർഡ് സ്ഥാപിക്കാനും മേൽക്കൂര മാറ്റുന്നതിനുമുള്ള ചെലവിലേക്കായി SPESS ഡയറക്ടർ ഡോ. ബിനു ജോർജ്ജ് വർഗ്ഗീസ് -ന്റെ പേരിൽ താത്കാലിക മുൻകൂർ തുകയായി അനുവദിക്കപ്പെട്ട ₹ 5,00,000/- (അഞ്ചു ലക്ഷം രൂപ മാത്രം) രൂപ ക്രമീകരിക്കുന്നത് സംബന്ധിച്ച്**

ടി വിഷയം സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.30/25.03/54109/P&D 1-1/2023** PRICE 3 (Project Information and Cost Estimation) software-ൽ **സർവകലാശാല എഞ്ചിനിയർക്കു സാങ്കേതിക അനുമതി നൽകുവാൻ കഴിയുന്ന എസ്റ്റിമേറ്റ് തുകയുടെ പരിധി 100 ലക്ഷം എന്നതിൽ നിന്ന് അൺലിമിറ്റഡ് ആക്കുന്നത് സംബന്ധിച്ച് :-**

PRICE 3 Software സർവ്വകലാശാലയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി നൽകുവാൻ സർവകലാശാല എഞ്ചിനിയർക്കുള്ള അധികാരത്തിന്റെ upper limit 100 ലക്ഷം എന്ന് നിജപ്പെടുത്താതെ ഏതൊരു എസ്റ്റിമേറ്റിനും സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സർവകലാശാല എഞ്ചിനിയർക്ക് നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.31/25.03/23191/AC A1-2/2024** **കുറവിലങ്ങാട് ദേവമാതാ കോളേജിലെ ഒരു കൂട്ടം അദ്ധ്യാപകർ അതേ കോളേജിലെ പ്രിൻസിപ്പൽ ഡോ. സുനിൽ സി മാത്യു, മാനേജർ ഫാ. അഗസ്റ്റിൻ കൂട്ടിയാനി എന്നിവർക്കെതിരെ ഉന്നയിച്ച പരാതിയിൻ മേലുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുന്നത് :-സംബന്ധിച്ച്**

ജോലി ചെയ്യുന്ന സ്ഥാപനത്തിൽ അന്തസോടെ ജോലി ചെയ്യുക എന്നത് ഭരണഘടന ഒരു പൗരന് നൽകിയിരിക്കുന്ന മൗലിക അവകാശമാണ്. മനുഷ്യാന്തസ്സിനെ ഹനിക്കുന്ന രീതിയിൽ പ്രിൻസിപ്പൽ പെരുമാറിയിട്ടുണ്ട് എന്ന് അന്വേഷണ കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, കുറവിലങ്ങാട് ദേവമാതാ കോളേജ് പ്രിൻസിപ്പൽ ഡോ. സുനിൽ സി മാത്യു-നെ കർശനമായി താക്കീത് ചെയ്യുന്നതിനും, ഇത്തരം നടപടികൾ ആവർത്തിക്കില്ല എന്നുറപ്പാക്കുന്നതിനും കോളേജ് മാനേജർക്ക് നിർദ്ദേശം നൽകുന്നതിനും, ടി വിവരം കോളേജ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ, ഇപ്രകാരം കൈക്കൊള്ളുന്ന നടപടികൾ ഉത്തരവിറങ്ങി ഒരു മാസത്തിനകം സർവ്വകലാശാലയിൽ റിപ്പോർട്ട് ചെയ്യുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.32/25.03** **സർവ്വകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ തുടരുന്നത് - സർവ്വകലാശാല വൈസ് ചാൻസലർ മുൻപാകെ കേരള പാരലൽ കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷൻ ദക്ഷിണ മേഖലാ കമ്മിറ്റി സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

ടി വിഷയം സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-അക്കാദമിക് അഫയേഴ്സ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.33/25.03/137529/EI 37-1/2024** **എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ B.A, LL.B (5 Year) Integrated Degree (2014 Admission) വിദ്യാർത്ഥിയായിരുന്ന Alvin George Samuel (Reg No:61406 ), 15.10.2024 തീയതിയിൽ പ്രസിദ്ധീകരിക്കപ്പെട്ട മൂന്ന്, ഏഴ് സെമസ്റ്ററുകളിലെ Internal Redo ഫലം റദ്ദ് ചെയ്ത് യഥാക്രമം ജൂൺ 2024, ജൂലൈ 2024 മേഴ്സി ചാൻസ് പരീക്ഷയിലേക്ക് ടി ഫലം മാറ്റി പുനഃപ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച് :-**

ടി വിഷയം സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി-എക്സാമിനേഷൻ-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.34/25.03/2108/DSS SO/2025** **മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2023 - 24) ന്റെ ആഭിമുഖ്യത്തിൽ, 2025 ഫെബ്രുവരി 11,12 തീയതികളിൽ (പുനർ നിശ്ചയിച്ച തീയതി) എറണാകുളം ജില്ലയിൽ വച്ച് നാടകോത്സവം സംഘടിപ്പിച്ചത് - അധികരിച്ച ചിലവഴിച്ച തുക സംബന്ധിച്ച് :-**

ടി വിഷയം സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസ്-ന്റെ ശിപാർശകൾക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.35/25.03** **പരിക്ക്/ഒടിവ് എന്നിവ സംഭവിക്കുന്നതു മൂലം പരീക്ഷ എഴുതാൻ സാധിക്കാത്ത, പരീക്ഷ എഴുതുവാൻ മറ്റ തരത്തിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഗവ: മെഡിക്കൽ കോളേജ്/താലൂക്ക്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും മുറിവ് സർട്ടിഫിക്കറ്റ് (wound certificate)-ന്റെയും അടിസ്ഥാനത്തിൽ പരീക്ഷാ സഹായി (സ്ക്രൈബ്)-യുടെ സേവനം അനുവദിക്കുന്നത് - സംബന്ധിച്ച്.**

പരിക്ക്/ഒടിവ് എന്നിവ സംഭവിക്കുന്നതു മൂലം സ്വയം പരീക്ഷ എഴുതാൻ സാധിക്കാത്ത, പരീക്ഷ എഴുതുവാൻ മറ്റ തരത്തിൽ അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഗവ: മെഡിക്കൽ കോളേജ്/താലൂക്ക്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, മുറിവ് സർട്ടിഫിക്കറ്റ് (wound certificate) എന്നിവയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പരീക്ഷയ്ക്ക് പ്രോഗ്രാം കാലയളവിൽ ഒരു പ്രാവശ്യത്തേക്ക് മാത്രമായി പരീക്ഷാ സഹായി (സ്ക്രൈബ്)-യുടെ സേവനം അനുവദിക്കാവുന്നതാണ്. ഈ ആനുകൂല്യം പ്രോഗ്രാം കാലയളവിനുള്ളിലെ റെഗുലർ അവസരങ്ങൾക്ക് മാത്രം ബാധകമായിരിക്കും. ആയതിലേക്കായി, പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്.36/25.03/128185/AC B2-3/2022** **ബി എസ് സി ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ (മോഡൽ III) കോഴ്സ് - പരിഷ്കരിച്ച ജോലിഭാര പട്ടിക അംഗീകരിക്കുന്നത്- സംബന്ധിച്ച്:-**

| Subject:B.Sc.Food Science &Quality Control | DISTRIBUTION OF HRS PER WEEK | | |
|---|---|---|---|
| | I | II | III |
| Common English | 5 | -- | -- |
| Complementary I:Chemistry Theory+Practical | 4 | 5 | -- |
| Complementary II - Zoology/Mathematics (Theory+Practical) | 4 | 5 | |
| Core -Theory | 12 | 15 | 15 |
| Core -Practical | -- | -- | 10 |
| Total | 25 | 25 | 25 |

Complementary I- Chemistry
Complementary II- Zoology/Mathematics
Total-75 hrs

മേല്പറഞ്ഞതിൻ പ്രകാരം പരിഷ്കരിച്ച ജോലിഭാരം അംഗീകരിക്കുന്നതിനും തദനുസരണമുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്വ.37/25.03** **Proceedings of the selection committee constituted for the selection of Assistant Professor on contract (Statistics) in the School of Mathematics and Statistics held on 25.02.2025 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Assistant Professor on contract (Statistics) in the School of Mathematics and Statistics (on contract basis for a period of one academic year) held on 25.02.2025 and to approve the rank list and to make appointment from the rank list prepared by the Selection Committee. Further resolved that the above appointment shall be made for the academic year 2025-26.

**ഇനം.നമ്പർ: ഒ.എ്വ.38/25.03** **Proceedings of the selection committee constituted for the selection of Assistant Professor on contract (Statistics) in the School of Data Analytics held on 25.02.2025 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Assistant Professor on contract (Statistics) in the School of Data Analytics (on contract basis for a period of one academic year) held on 25.02.2025 and to approve the rank list and to make appointment from the rank list prepared by the Selection Committee. Further resolved that the above appointment shall be made for the academic year 2025-26.

**ഇനം.നമ്പർ: ഒ.എ്വ.39/25.03** **Proceedings of the selection committee constituted for the selection of Assistant Professor on contract (Psychology) in the School of Behavioural Sciences held on 25.02.2025 - Approval - reg**

Resolved to approve the proceedings of the Selection Committee constituted for the selection of Assistant Professor on contract (Psychology) in the School of Behavioural Sciences (on contract basis for a period of one academic year) held on 25.02.2025 and to approve the rank list and to make appointment from the rank list prepared by the Selection Committee. Further resolved that the above appointment shall be made for the academic year 2025-26.

**ഇനം.നമ്പർ: ഒ.എ്വ.40/25.03** **Proceedings of the Selection Committee constituted for the selection of Groundsman cum Marker on contract basis for one year at School of Physical Education and Sports Sciences held on 03.03.2025 - Approval -reg**

Resolved to approve the proceedings of the Selection Committee constituted for the selection of Groundsman cum Marker on contract basis for one year at School of Physical Education and Sports Sciences held on 03.03.2025. Further resolved to approve the rank list prepared by the Selection Committee and to make appointment from the rank list prepared by the Selection Committee.

**ഇനം.നമ്പർ: ഒ.എ്വ.41/25.03/82042/AC A7-1/2024** **മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള IHRD കോളേജുകളുടെ താൽക്കാലിക**

**അഫിലിയേഷൻ 2024-'25 അധ്യയന വർഷം പുതുക്കുന്ന സർവകലാശാല ഉത്തരവിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, IHRD, കുട്ടിക്കാനം എന്ന കോളേജിന്റെ പ്രോഗ്രാം ലിസ്റ്റിൽ എംകോം ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന പ്രോഗ്രാം ഉൾപ്പെടാത്തത് സംബന്ധിച്ച് :-**

കുട്ടിക്കാനം, IHRD, കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കോളേജിലെ പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ എംകോം ഫിനാൻസ് ആൻഡ് ടാക്സേഷൻ എന്ന പ്രോഗ്രാമിന് 2024-25 അദ്ധ്യയന വർഷം താൽക്കാലിക അഫിലിയേഷൻ പുതുക്കി നൽകുന്നതിനും 10.12.2024 തീയതിയിലെ സർവ്വകലാശാല ഉത്തരവ് നമ്പർ 11142/Ac A7/2024/MGU-ൽ എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ പ്രോഗാം കൂടി ഉൾപ്പെടുത്തി ടി ഉത്തരവ് പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.42/25.03/106459/AC A7-1/2024 അൺ എയ്ഡഡ്/സ്വാശ്രയ കോളേജുകൾ - കാക്കനാട്, ഭവൻസ് കോളേജ് ഓഫ് ആർട്സ് ആൻഡ് കോമേഴ്സ്- 2024-'25 അദ്ധ്യയനവർഷം M Com Finance and Taxation (20 Seats) എന്ന പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് :-**

കാക്കനാട്, ഭവൻസ് കോളേജ് ഓഫ് ആർട്സ് ആൻഡ് കോമേഴ്സ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ 2024-'25 അദ്ധ്യയന വർഷം മുതൽ M Com Finance and Taxation (20 Seats) പ്രോഗ്രാം സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.43/25.03/7697/AC A1-3/2025 സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/ എം.എഡ് കോഴ്സിന്റെ താല്ക്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, റിപ്പോർട്ടും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

| Sl. No | Name of College | Programme | Report of Inspection Commission | Govt. NOC |
|---|---|---|---|---|
| 1 | John Paul Memorial B.Ed College, Kanchiyar P.O., Labbakkada, Idukki | B.Ed | Recommended to renew the provisional affiliation for the year 2024-25. | G.O(Ms) No.345/2024/HEDN dtd 04.06.2024 |
| 2 | National College for Teacher Education, Vengola, Perumbavoor, Ernakulam | B.Ed<br>M.Ed | Visited the college in connection with granting of extension of affiliation. As the infrastructure is adequate & other amenities & documents are in order. It is recommended that National College for Teacher Education be granted extension of affiliation for the academic year 2024-25. | G.O(Ms) No.5/2025/HEDN dtd 03.01.2025 |

| | | | | |
|---|---|---|---|---|
| 3 | Labour India Educational Society Teachers Training College, Marangattupilly, Kottayam | B.Ed | Recommended the extension of affiliation of various courses in Labour India Education Society Teachers Training College, Marangattuppillly for the academic year 2024-25. | G.O(Ms) No.355/2024/HEDN dtd 10.06.2024 |
| 4 | SNDP Yogam Training College, Adimali, Idukki | B.Ed | Visited the college in connection with granting affiliation for academic year 2024-25. The college has infrastructure which is adequate. It has been 29 years since establishment.There are qualified teachers. The intake of students is 50. The library & computer facilities are satisfactory. The payment receipts & documents are in order. Hence SNDP Yogam Training College may be granted extension of affiliation for academic year 2024-25. | G.O(Ms) No.361/2024/HEDN dtd 11.06.2024 |
| 5 | Nirmala Sadan Training College for Special Education, Muvattupuzha, Ernakulam | B.Ed Special Education (Intellectual Disability)<br>B.Ed Special Education (Learning Disability)<br>M.Ed Special Education (Intellectual Disability) | The Committee recommended for provisional affiliation for the academic year 2024-25 | G.O(Ms) No.356/2024/HEDN dtd 10.06.2024 |
| 6 | St. John of God College of Special Education, Velloor, Pampady, Kottayam | B.Ed Special Education (Intellectual Disability) | Extension of affiliation for 2024-25 recommended. | G.O(Ms) No.569/2024/HEDN dtd 03.10.2024 |
| 7 | Mar Thoma Teachers Training College,Edakulam, Ranni, Pathanamthitta | B. Ed | Recommended extension of affilaition to Marthoma Teachers Training College, Edakulam, Ranny for academic year 2024-25. | G.O(Ms) No.79/2025/HEDN dtd 05.02.2025 |
| 8 | St.Thomas College of Teacher Education, Mylamcompu, Thodupuzha, Idukki | B.Ed<br>M.Ed | Recommended to extend provisional affiliation for the academic year 2024-'25 | G.O(Ms) No.48/2025/HEDN dtd 24.01.2025 |

**ഇനം.നമ്പർ: ഒ.എ.44/25.03/13935/ACA1 SO/2019 കാഞ്ഞിരമറ്റം, കോച്ചേരീസ് ഫൗണ്ടേഷൻ - 'കോച്ചരീസ് സ്കൂൾ ഓഫ് ലോ' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി നൽകിയ ഉത്തരവിലെ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്:-**

കോച്ചരീസ് സ്കൂൾ ഓഫ് ലോ കാഞ്ഞിരമറ്റം എന്ന പേരിൽ 2023-24 അദ്ധ്യയന വർഷം പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി കാഞ്ഞിരമറ്റം, കോച്ചേരീസ് ഫൗണ്ടേഷന് 04.10.2024 തീയതിയിലെ 8918/Ac A1/2024/MGU നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം നൽകിയ അനുമതി 2025-26 അദ്ധ്യയന വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.45/25.03/118023/AC A1-3/2024 Ilahia Trust, Muvattupuzha എന്ന എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് 'Ilahia Law College, Muvattupuzha' എന്ന പേരിൽ പുതിയ സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിനായി ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥകളോടു കൂടിയ ഇടക്കാല അനുമതി പത്രം, സർക്കാർ നിരാക്ഷേപപത്രം എന്നിവ പരിഗണിച്ചു കൊണ്ട് , 2024-25 അദ്ധ്യയന വർഷം വിദ്യാർത്ഥി പ്രവേശനം നടത്തുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച് :-**

മുവാറ്റുപുഴ ഇലാഹിയ ലോ കോളേജ് 2024-25 അക്കാദമിക വർഷം സ്വാശ്രയ മേഖലയിൽ പുതിയ ലോ കോളേജ് ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം കൈക്കോണ്ടുകൊണ്ട് 29.01.2025 തീയതിയിലെ 971/AC A1/2025/MGU സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയത്തിൽ 31.12.2024-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ എടുത്ത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കേണ്ടതില്ലന്ന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.46/25.03/12755/AC A1-1/2025 സഹോദരൻ അയ്യപ്പൻ സ്മാരക SNDP യോഗം കോളേജ് കോന്നി - M.Com Finance & Taxation എന്ന സ്വാശ്രയ പ്രോഗ്രാം 2025-'26 അദ്ധ്യയന വർഷത്തിൽ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനു സമർപ്പിച്ച അപേക്ഷ - സംബന്ധിച്ച്.**

കോന്നി, സഹോദരൻ അയ്യപ്പൻ സ്മാരക SNDP യോഗം കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിൽ 2025-'26 അദ്ധ്യയന വർഷത്തേക്ക് M.Com Finance & Taxation പ്രോഗ്രാം താൽകാലികമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.47/25.03/62122/AC A1-1/2023 സെന്റ് തോമസ് കോളേജ്, പാലാ - സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023-'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നത് - സംബന്ധിച്ച് :-**

പാലാ, സെന്റ് തോമസ് കോളേജ് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷം പുതുക്കി നല്കുന്നതിനായി നിയമിതമായ പരിശോധനാ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ 2023 -'24 അദ്ധ്യയന വർഷത്തേക്ക് പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| Name of College | Govt NOC | Course | Inspection Committee-Remarks |
|---|---|---|---|
| St. Thomas College, Pala | G.O(Ms)No. 292/2024/HEDN dated 15/05/2024 | 1.B.A English Literature, Communication and Journalism (Triple Main) Model III<br>2.B.Com Computer Applications Model I<br>3.Bachelor of Computer Applications (BCA)<br>4.B.Voc Sustainable Agriculture<br>5.B.Voc Food Processing Technology<br>6.M.Sc Biotechnology<br>7.M.Sc Applied Microbiology<br>8.M.Sc Biostatistics | Recommended to extend the provisional affiliation of the self financing courses of the College for the academic year 2023-24 |
| | G.O.(Ms) No.99/2025/HEDN dated 19/02/2025 | 9. B.Voc Printing Technology | |

**ഇനം.നമ്പർ: ഒ.എ.48/25.03/72005/AC A7-3/2024 സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, പാല - 2025-2026 അധ്യയന വർഷം മുതൽ MTTM (Master of Tourism and Travel Management) എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് -**

പാല, സെന്റ് ജോസഫ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, 2025-2026 അധ്യയന വർഷം മുതൽ MA in Tourism and Aviation Management എന്ന പ്രോഗ്രാം ആരംഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഡോ. ജോജി അലക്സ് (സിൻഡിക്കേറ്റ് അംഗം), സൂര്യ എൻ എസ്, അസിസ്റ്റന്റ് പ്രൊഫസർ, എസ് എൻ കോളേജ്, കുമരകം എന്നിവരെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.49/25.03/10184/AC A7-3/2025 സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, ചങ്ങനാശ്ശേരി, എസ്.സി.എം.എസ് സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് ആലുവ - പ്രോഗ്രാമുകൾ 2025-2026 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് -**

സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, ചങ്ങനാശ്ശേരി, എസ്.സി.എം.എസ് സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് മാനേജ്മെന്റ് ആലുവ എന്നീ കോളേജുകൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി കോളേജുകളിലെ ചുവടെ പട്ടിക പ്രകാരമുള്ള പ്രോഗ്രാമുകൾ 2025-2026 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

| Sl.No | College | Program | Year of Ceasing |
|---|---|---|---|
| 1 | St.Joseph College of Communication,<br>KurusummoodP.O,<br>Changanassery,<br>Kottayam | BCom (Hons) Finance and Taxation (40 seats) | 2025-2026 |
| 2 | SCMS School of Tachnology and Management,<br>Prathap Nagar,<br>Muttom P.O,<br>Aluva, Ernakulam. | BCom (Hons) Accounting and Marketing (40 seats) | 2025-2026 |

**ഇനം.നമ്പർ: ഒ.എ.50/25.03/119082/AC A1-3/2024 ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് - 2025 -26 അദ്ധ്യയന വർഷം മുതൽ 60 സീറ്റുകളോട്ടുകൂടി Three Year Unitary LL.B പ്രോഗ്രാമിനു ഒരു അധിക ബാച്ച് ആരംഭിക്കുവാനായി സമർപ്പിച്ച അപേക്ഷ- സംബന്ധിച്ച്**

സർക്കാരിൽ നിന്നും Admistractive sanction, no objection certificate എന്നിവയും പ്രോഗ്രാമിന് ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരവും ലഭ്യമായ ശേഷവും, ആവശ്യമായ പഠന ഭൗതിക സൗകര്യങ്ങൾ പ്രോഗ്രാം ആരംഭിക്കുന്നതിന് മുന്നോടിയായി ഒരുക്കുന്നതാണ് എന്ന് വ്യക്തമാക്കി കോളേജ് അധികൃതരിൽ നിന്നും അഫിഡവിറ്റ് വാങ്ങണമെന്ന ഇൻസ്പെക്ഷൻ കമ്മീഷന്റെ ശുപാർശയും നടപ്പിൽവരുത്തിയ ശേഷവും താൽകാലികമായി 60 സീറ്റുകളോട്ടു കൂടി Three Year Unitary LL.B പ്രോഗ്രാമിനുഒരു അധിക ബാച്ച് തുടങ്ങുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.51/25.03/16598/AC A1-1/2025 കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജിലെ ബി.വോക് പ്രോഗ്രാമുകളുടെ സീറ്റുകളുടെ എണ്ണം കുറവ് വരുത്തുന്നത് സംബന്ധിച്ച് :-**

കാഞ്ഞിരപ്പള്ളി, സെന്റ് ഡോമിനിക്സ് കോളേജിന്റെ അപേക്ഷ പരിഗണിച്ച് ടി കോളേജിൽ നടന്നുവരുന്ന B.Voc Agriculture Technology, B.Voc Agro-Food Processing എന്നി സ്വാശ്രയ പ്രോഗ്രാമുകളുടെ സീറ്റുകളുടെ എണ്ണം 2025-26 അദ്ധ്യയന വർഷം മുതൽ അൻപതിൽ നിന്നും മുപ്പതായി കുറവ് വരുത്തുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.52/25.03/11413/AC A7-2/2025 P.G. Radhakrishnan Memorial Sree Narayana College, Asan Hills, Chinnanikkad - BCom (Hons) Finance and Taxation & Marketing (60 seats), BCom (Hons) Financial Markets & Accounting (60 seats), BCA (40 seats) എന്നീ പ്രോഗ്രാമുകൾ 2024-2025 അധ്യയന വർഷം താല്കാലികമായി നിർത്തലാക്കി**

**2025-2026 അധ്യയന വർഷം പുനരാരംഭിക്കുന്നത് സംബന്ധിച്ച്**

P.G. Radhakrishnan Memorial Sree Narayana College, Asan Hills, Chinnanikkad-ന്റെ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ BCom (Hons) Finance and Taxation & Marketing (60 seats), BCom (Hons) Financial Markets & Accounting(60 seats), BCA (40 seats) എന്നീ പ്രോഗ്രാമുകൾ 2024-2025 അധ്യയന വർഷം താല്ക്കാലികമായി നിർത്തലാക്കുന്നതിനും 2025-2026 അധ്യയന വർഷം പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.53/25.03/12466/AC A7-2/2025 Kristu Jyoti College of Management & Technology, Kurisummood, Chethipuzha, Changanacherry - "M.Com Finance and Taxation-Batch II (20 seats) പ്രോഗ്രാം- 2025-2026 അക്കാദമിക വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നത് - സംബന്ധിച്ച്**

Kristu Jyoti College of Management & Technology, Kurisummood, Chethipuzha, Changanacherry-യുടെ അപേക്ഷ പരിഗണിച്ച് ടി കോളേജിലെ "M.Com Finance and Taxation-Batch II (20 seats) പ്രോഗ്രാം 2025-2026 അധ്യയന വർഷം മുതൽ സ്ഥിരമായി നിർത്തലാക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ്യ.54/25.03/11199/AC B1-1/2025 സ്വകാര്യ എയ്ഡഡ് കോളേജുകൾ - സെന്റ് തോമസ് കോളേജ്,റാന്നി മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

റാന്നി സെന്റ് തോമസ് കോളേജിലെ മാനേജർ സ്ഥാനത്തേക്ക്, പ്രൊഫ. വി. ഐ. ചാക്കോ 23.01.2025 തീയതി പൂർവാഹ്നം മുതൽ മൂന്ന് വർഷകാലയളവിലേക്ക് നിയമിതനായി എന്ന് കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ്ജ് സർവ്വകലാശാലയെ അറിയിച്ചിരിക്കുന്നു. ടി കോളേജിന്റെ മാനേജർ സ്ഥാനത്തേക്ക് പ്രൊഫ. വി. ഐ. ചാക്കോ -യെ ഏകകണ്ഠമായി 19.01.2025 തീയതി കൂടിയ സെന്റ് തോമസ് വലിയപള്ളി, റാന്നി പൊതു യോഗം തിരഞ്ഞെടുത്തു എന്ന് സൂചിപ്പിക്കുന്ന പള്ളി വികാരിയുടെ കത്തും പ്രിൻസിപ്പൽ ഇൻ ചാർജിന്റെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം പ്രസ്തുത വിവരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ്യ.55/25.03/28798/AC A7-2/2024 അൺ-എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ 2024-2025 അദ്ധ്യയന വർഷത്തെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച പരിശോധനാ സമിതിയുടെ റിപ്പോർട്ട്- സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

College of Indigenous Food Technology, Perinjottakkal, MES Golden Jubilee College, Kottayam, St. Joseph's Institute of Hotel Management and Catering Technology, Pala എന്നീ കോളേജുകളിലെ അൺ എയ്ഡഡ് സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2024-25 അധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, College of Indigenous Food Technology, Perinjottakkal, MES Golden Jubilee College, Kottayam, St. Joseph's Institute of Hotel Management and Catering Technology, Pala എന്നീ കോളേജുകളിലെ താഴെ പട്ടിക പ്രകാരമുള്ള കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2024-2025 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിനും, SNGIST Arts and Science College, North Paravur, Ernakulam അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കോളേജിന്റെ മാനേജരും പ്രിൻസിപ്പലും അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹാജരായി വിശദീകരണം നൽകുന്നതിന് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു.

| Sl NO | Name of the College | Programme | | Specialisation | No. of Seats |
|---|---|---|---|---|---|
| 1 | College of Indigenous Food Technology,Perinjottakkal PO, Anakuthi,Konni,Pin | 1 | B.Sc(Hons) Food Technology & Quality Assurance | Nil | 40 |
| | | 2 | M Sc Food Technology & | Nil | 60 |

| | | | | | |
|---|---|---|---|---|---|
| | 689692.Pathanamthitta | | Quality Assurance | | |
| 2 | MES Golden Jubilee College, Kottayam. | 1 | B Com (Hons) | Finance and Taxation and Financial Markets | 40 |
| | | 2 | B Com (Hons) | Logistics Management and Accounting | 60 |
| | | 3 | B Com (Hons) | Co-Operation and Accounting | 40 |
| | | 4 | B Com (Hons) | Accounting and Finance and Taxation | 40 |
| | | 5 | BBA(Hons) | Nil | 60 |
| | | 6 | BCA(Hons) | Nil | 60 |
| | | 7 | M Com Finance and Taxation | Nil | 20 |
| 3 | St .Joseph's Institute of Hotel Management and Catering Technology, Pala, Kottayam | 1 | BHM(Bachelof Hotel Management) | Nil | 180 |

**ഇനം.നമ്പർ: ഒ.എ.56/25.03/56275/AC B1-2/2023 സ്വകാര്യ എയ്ഡഡ് കോളേജുകൾ - ബി എ എം കോളേജ്, തുരുത്തിക്കാട് - കോളേജ് മാനേജരുടെ മാറ്റം - സിൻഡിക്കേറ്റ് മുൻപാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തുരുത്തിക്കാട് ബി എ എം കോളേജിലെ മാനേജർ പദവിയിൽ 05.02.2025 തീയതി മുതൽ ഒരു വർഷത്തേക്ക് ഡോ. മാത്യു പി ജോസഫ് -നെ നിയമിച്ചതായും, പ്രസ്തുത തീയതി മുതൽ സ്ഥാനമേറ്റതായും ടി കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ് സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 23, സ്റ്റാറ്റ്യൂട്ട് 19 (2) പ്രകാരം പ്രസ്തുത വിവരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനം.നമ്പർ: ഒ.എ.57/25.03/67074/AC A1-1/2024 അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിന്റെ പേര് മാറ്റുന്ന വിഷയത്തിൽ യൂണിവേഴ്സിറ്റി ഉത്തരവ് നം. 565/AC A1/2025/എം.ജി.യു, തീയതി : 21/10/2025 പ്രകാരം നിയമിതമായ അന്വേഷണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

അങ്കമാലി, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിന്റെ പേര് മോർണിംഗ് സ്റ്റാർ കോളേജ് എന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കോളേജ് മാനേജർ നൽകിയ അപേക്ഷയിന്മേൽ നിയമിതമായ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിക്കുന്നതിനും, കോളേജിന്റെ പേര് അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജ് എന്ന് 2025-26 അധ്യയന വർഷം മുതൽ പുനർനാമകരണം ചെയ്യുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.58/25.03/113492/AC A1-1/2024 ശ്രീ ശബരീശ കോളേജ്, മുരിക്കുംവയൽ - ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനായുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുമുള്ള NOC ലഭിക്കുന്നതിനായി സർവ്വകലാശാലയുടെ ശുപാർശക്കായി സർപ്പിച്ച അപേക്ഷ**

**സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുന്നത് – സംബന്ധിച്ച്.**

മുരിക്കുംവയൽ, ശ്രീ ശബരീശ കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും NOC ലഭിക്കുന്നതിനായി സർവ്വകലാശാല ശുപാർശ ചെയ്യുന്നതിനായി ടി കോളേജ് സമർപ്പിച്ച അപേക്ഷയിന്മേൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. എ എസ് സുമേഷ് (സിൻഡിക്കേറ്റ് അംഗം) –നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.59/25.03/17908/AC A1-1/2025 ബിഷപ്പ് കുര്യാളശേരി കോളേജ് ഫോർ വുമൺ, അമലഗിരി – 2025 –'26 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ പ്രോഗ്രാമുകൾക്ക് ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത് – സംബന്ധിച്ച്.**

അമലഗിരി, ബിഷപ്പ് കുര്യാളശേരി കോളേജ് ഫോർ വുമൺ, നടത്തപെടുന്ന സ്വാശ്രയ പ്രോഗ്രാമുകളിലേക്ക് ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നത് സംബന്ധിച്ച് കോളേജ് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഡ്വ. സതീഷ് കുമാർ പി ബി (സിൻഡിക്കേറ്റ് അംഗം) –യെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.60/25.03/7697/AC A1-3/2025 സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/ എം.എഡ് കോഴ്സിന്റെ താല്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം തുടരുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് കോഴ്സുകളുടെ താല്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കുന്നതുമായി ബന്ധപ്പെട്ട് നിയമിതമായ പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതിനും, സർക്കാരിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രവും പരിഗണിച്ച് താഴെ പട്ടിക പ്രകാരമുള്ള സ്വാശ്രയ കോളേജുകളിൽ നടത്തപ്പെടുന്ന സ്വാശ്രയ ബി.എഡ്/എം.എഡ് പ്രോഗ്രാമുകളുടെ താൽക്കാലിക അഫിലിയേഷൻ 2024-'25 അദ്ധ്യയന വർഷം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| Sl. No | Name of College | Programme | Report of Inspection Commission | Govt. NOC |
|---|---|---|---|---|
| 1 | H.M. Training College, Randarkara, Muvattupuzha, Ernakulam | B.Ed<br>M.Ed | Recommended to extend provisional affiliation for the year 2024-25. | G.O(Ms) No.696/2024/HEDN dtd 13.12.2024 |
| 2 | HDPY College of Education,Mannam P.O,Mattupuram ,North Paravoor, Ernakulam | B.Ed | Recommended for provisional affiliation for the academic year 2024-25. | G.O(Ms) No.87/2025/HEDN dtd 07.02.2025 |
| 3 | St.Xavier's Training College for Women, Thottakkattukara, Aluva | B.Ed | Recommended. | G.O(Ms) No.93/2025/HEDN dtd 14.02.2025 |
| 4 | Al-Azhar Training College, Thodupuzha, Idukki | B.Ed | Recommended to extend the provisional affiliation to the next academic year 2024-25. | G.O(Ms) No.375/2024/HEDN dtd 14.06.2024 |
| 5 | Mar Severios College of Teacher Education,Chengaroor, Mallappally, Pathanamthitta | B.Ed | Recommended to extend the provisional affiliation of the college and the courses for the academic year 2024-25 | G.O(Ms) No.92/2025/HEDN dtd 14.02.2025 |

**ഇനം.നമ്പർ: ഒ.എ.61/25.03/16164/AC A1-3/2025** **എടത്തല, എം ഇ എസ് ട്രെയിനിംഗ് കോളേജ് - 2025-'26 അദ്ധ്യയന വർഷം - ബി.എഡ്. പ്രോഗ്രാമിന് അറബിക്, മലയാളം എന്നീ ഐച്ഛിക വിഷയങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.**

എടത്തല, M E S ട്രെയിനിംഗ് കോളേജിൽ ബി.എഡ്. പ്രോഗ്രാമിന് അറബിക്, മലയാളം എന്നീ ഐച്ഛിക വിഷയങ്ങൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച കോളേജിന്റെ അപേക്ഷയിന്മേൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. രതീഷ് പി ബി (സിൻഡിക്കേറ്റ് അംഗം), മുഹമ്മദ് എ, അറബിക് വിഭാഗം, മഹാരാജാസ് കോളേജ് എറണാകുളം, ജെ കുമാർ, മലയാളം വിഭാഗം, മഹാരാജാസ് കോളേജ് എറണാകുളം എന്നിവരെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.62/25.03/100568/AC A7-3/2024** **അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് - ബിഷപ് മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ്, ചേർപ്പുങ്കൽ, പാലാ, കോട്ടയം- Bsc (Hons) Forensic Science എന്ന പ്രോഗ്രോമിന് പകരം Bsc (Hons) Cyber Forensic ആക്കി മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്:-**

2025-25 അധ്യയന വർഷത്തേക്ക് Bsc (Hons) Forensic Science എന്ന പ്രോഗ്രോമിനു പകരം Bsc (Hons) Cyber Forensics എന്ന പ്രോഗ്രോമിനു അഫിലിയേഷൻ നൽകുന്നതിനായി ചേർപ്പുങ്കൽ, പാലാ, ബിഷപ് മെമ്മോറിയൽ ഹോളി ക്രോസ്സ് കോളേജ് പ്രിൻസപ്പൽ സമർപ്പിച്ച അപേക്ഷയിന്മേൽ Dr. Suja T V (Member Syndicate), Dr. Syam kumar K (Associate Professor NSS College, Rajakumari) എന്നിവരെ പരിശോധനാ സമിതിയായി നിയോഗിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.63/25.03/52284/AC B7-1/2023** **കുട്ടിക്കാനം, മരിയൻ സ്വയംഭരണ കോളേജ് - 2024-25 അക്കാദമിക വർഷം- വിവിധ സ്വാശ്രയ പ്രോഗ്രാമുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ പുതുക്കി നൽകുന്നത് സംബന്ധിച്ച് :-**

കുട്ടിക്കാനം, മരിയൻ സ്വയംഭരണ കോളേജ് പ്രിൻസിപ്പൽ 2024-25 അക്കാദമിക വർഷത്തേക്ക് താഴെ ചേർത്തിരിക്കുന്ന സ്വാശ്രയ പ്രോഗ്രാമുകളുടെ പ്രൊവിഷണൽ അഫിലിയേഷൻ നീട്ടി നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ശ്രീ. ഹരികൃഷ്ണൻ പി (സിൻഡിക്കേറ്റ് അംഗം), ശ്രീ. അമൽ എബ്രഹാം (സിൻഡിക്കേറ്റ് അംഗം) എന്നിവരെ അന്വേഷണ സമിതിയായി നിയോഗിക്കുന്നതിന് തീരുമാനിച്ചു.

| Sl No | Programme | Sanctioned Strength |
|---|---|---|
| 1 | B.A English Communication & Journalism (Honours) | 40 |
| 2 | B.A Applied Economics(Honours) | 30 |
| 3 | B.Com(Batch 1) (Honours) | 60 |
| 4 | B.Com (Batch 2) (Honours) | 60 |
| 5 | B.S.W(Honours) | 60 |
| 6 | B.Sc Mathematics(Honours) | 30 |
| 7 | BCA (Honours) | 60 |
| 8 | BBA(Honours) | 60 |
| 9 | M.Com ( 2 Batches) | 35 |
| 10 | M.C.A | 60 |
| 11 | M.A Communication and Media Studies | 30 |
| 12 | M.S.W | 30 |
| 13 | M.B.A (3 Batches) | 180 |

**ഇനം.നമ്പർ: ഒ.എ.64/25.03** **ഓൺലൈൻ ബി.കോം - കോട്ടയം ജില്ലയിലെ വടവാതൂരിൽ താമസിക്കുന്ന, കാറപകടത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ് നടക്കുവാൻ സാധിക്കാത്ത ശ്രീ. അനന്ദു വി രാജേഷ് എന്ന**

**വിദ്യാർത്ഥിയുടെ അമ്മ നിഷ രാജേഷ് നൽകിയിരിക്കുന്ന അപേക്ഷ - സംബന്ധിച്ച്.**

കോട്ടയം ജില്ലയിലെ വടവാതൂരിൽ താമസിക്കുന്ന, കാറപകടത്തിൽ നട്ടെല്ലിന് ക്ഷതമേറ്റ് നടക്കുവാൻ സാധിക്കാത്ത അനന്ദു വി രാജേഷ് എന്ന വിദ്യാർത്ഥിയുടെ അമ്മ നിഷ രാജേഷ് നൽകിയിരിക്കുന്ന അപേക്ഷ പരിഗണിച്ച്, ടി വിദ്യാർത്ഥിക്ക് പൂർണ്ണമായ ഫീസിളവ് നൽകി ഓൺലൈൻ ബി. കോം കോഴ്സിന് അഡ്മിഷൻ നൽകുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.65/25.03**

**യു ജി സി റെഗുലേഷൻ 2010 - പ്രൊഫസർ സ്ഥാനക്കയറ്റം - WP(c) No.33249/2019, WP(c) No.8900/2021, WP(c) No.8923/2021, WP(c) No.25094/2021 കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 26.08.2022-ലെ വിധിന്യായം - ഹിയറിംഗ് റിപ്പോർട്ട് പരിഗണിക്കുന്നത് - സംബന്ധിച്ച്.**

WP(c) No.33249/2019, WP(c) No.8900/2021, WP(c) No.8923/2021, WP(c) No.25094/2021 കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 26.08.2022-ലെ വിധിന്യായത്തന്റെയും, 1170/2023, 1110/2023, 1296/2023 എന്നീ കോടതിയലക്ഷ്യ ഹർജികളിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 13.02.2025-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഹർജിക്കാരെ കേട്ടതിൻ പ്രകാരം തയ്യാറാക്കിയിട്ടുള്ള രജിസ്ട്രാറുടെ ഹിയറിംഗ് റിപ്പോർട്ട് പരിഗണിച്ച്, 27.03.2010 തീയതിയിലെ G.O.(P) No. 58/2010/H.Edn പ്രകാരമുള്ള തസ്തികകൾ സർക്കാർ നാളിതുവരെ സൃഷ്ടിച്ചിട്ടില്ലാത്തതിനാലും, സമാന വിഷയത്തിൽ സർവ്വകലാശാല ബഹു: സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള Special Leave Petition (against judgement in WA No.1093/2021)-ന്മേൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും, ബഹു: സുപ്രീം കോടതി ഉത്തരവ് വരുന്ന മുറയ്ക്ക് മാത്രം ടി വിഷയവുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊള്ളുവാൻ തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.66/25.03**

**സർവ്വകാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ ബിസിനസ് മോഡലിൽ വിവിധയിടങ്ങളിൽ ആരംഭിക്കുന്നത് - കമ്മിറ്റി രൂപീകരിക്കുന്നത് - സംബന്ധിച്ച്**

സർവ്വകലാശാലയ്ക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ കാറ്റഗറി 1 ഗ്രേഡ് ലഭിച്ച സാഹചര്യത്തിൽ, സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ ബിസിനസ് മോഡലിൽ വിവിധയിടങ്ങളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സുജ ടി. വി., അഡ്വ. പി. ബി. സതീഷ് കുമാർ, ശ്രീ. ഹരികൃഷ്ണൻ പി., ഡോ. ബാബു മൈക്കിൾ, ശ്രീ. രതീഷ് പി ബി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.67/25.03**

**സർവ്വകലാശാലയിലെ അദ്ധ്യാപകനെതിരെ സമർപ്പിച്ച പരാതി - ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.**

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബിജുലാൽ എം. വി.-ക്ക് എതിരെ റിസർച്ച് സ്കോളർ സമർപ്പിച്ച പരാതിയിന്മേൽ ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, ചാപ്റ്റർ 4, പാർട്ട് III സ്റ്റാറ്റ്യൂട്ട് 35 A(iii) പ്രകാരം മൂന്ന് വർഷത്തേക്ക് ടിയാന്റെ പ്രൊമോഷൻ തടയുന്നതിനും, പ്രസ്തുത ശിക്ഷാനടപടിയുമായി ബന്ധപ്പെട്ട് ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം ടിയാനിൽ നിന്നും തേടുന്നതിനും തീരുമാനിച്ചു.

**ഇനം.നമ്പർ: ഒ.എ.68/25.03/94361/ADA9**

**ഡോ. സ്മിത എസ് (അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്) - ശ്രീനാരായണ ട്രെയിനിംഗ് കോളേജ്, വർക്കല, തിരുവനന്തപുരം- ലെ മുൻകാല സേവനം - നിയമന തീയതി മുതൽ ഉയർന്ന അടിസ്ഥാന ശമ്പളത്തിനും, കരിയർ അഡ്വാൻസ്മെന്റ്**

**പ്രൊമോഷൻ ഉൾപ്പെടെയുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നത് – സംബന്ധിച്ച്.**

ഡോ. സ്മിത എസ് ശ്രീനാരായണ ട്രെയിനിംഗ് കോളേജ്, നെടുങ്ങണ്ട, വർക്കല, തിരുവനന്തപുരം–ൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്ത് ഏഴാം യുജിസി ശമ്പള പരിഷ്കരണ പ്രകാരം അസോസിയേറ്റ് പ്രൊഫസർ (അക്കാദമിക് ലെവൽ 13A) തസ്തികയിൽ വാങ്ങിയിരുന്ന അടിസ്ഥാന ശമ്പളമായ ₹1,35,300/– രൂപ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നേടിയ തീയതിയായ 22.06.2022 FN മുതൽ സംരക്ഷിച്ചു നൽകുന്നതിനും, ശ്രീനാരായണ ട്രെയിനിംഗ് കോളേജ്, നെടുങ്ങണ്ട, വർക്കല, തിരുവനന്തപുരം– ലെ 12.03.2007 മുതൽ 21.06.2022 വരെയുള്ള (15 വർഷം 3 മാസം 10 ദിവസം) സേവനകാലയളവ് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ CAS സ്ഥാനക്കയറ്റം ഉൾപ്പടെയുള്ള എല്ലാ സേവന ആനുകൂല്യങ്ങൾക്കും കണക്കാക്കുന്നതിനും തീരുമാനിച്ചു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,

26.03.2025

**രജിസ്ട്രാർ**